പാർവതി ദേവി അന്തർ

(കരട് — ചർച്ചക്കുവേണ്ടി മാത്രം)

# ദേശീയ വനിതാ വികസന പരിപ്രേക്ഷ്യം

16353

## ചർച്ചക്കുള്ള കുറിപ്പുകൾ

306.420
954

---

(1989 മാർച്ച് 6 ന് തിരുവനന്തപുരം YWCA
ഹാളിൽ ചേർന്ന സെമിനാറിൽ ചർച്ചക്കായി
അവതരിപ്പിച്ച കുറിപ്പുകൾ)

# ദേശീയ വനിതാ വികസന പരിപ്രേക്ഷ്യം

305.420954

സ്ത്രീവികസനത്തിനുവേണ്ടി അവതരിപ്പിക്കപ്പെട്ട ദേശീയ പദ്ധതി പരിപ്രേക്ഷ്യത്തെപ്പററി വ്യാപകമായ ചർച്ച നടന്നുവരികയാണ്. നിരവധി വനിതാ സംഘടനകളും ഗ്രൂപ്പുകളും അഭിപ്രായം പ്രകടിപ്പിച്ചു കഴിഞ്ഞു. സമ്പദ്ഘടന, തൊഴിൽസാധ്യതകൾ, മാതൃശിശു സംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, നിയമങ്ങൾ മുതലായി എല്ലാ മേഖലകളെക്കുറിച്ചും സമഗ്രമായ നിർദേശങ്ങളാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. പുതിയ മുതൽമുടക്കുള്ള പദ്ധതിയുടെ രൂപമല്ല പദ്ധതി പരിപ്രേക്ഷ്യത്തിനുള്ളത്. നിലവിലുള്ള പദ്ധതികളിൽ തന്നെ സ്ത്രീവികസനത്തിന് അനുയോജ്യമായ മാററങ്ങൾ വരുത്തുകയാണ് പരിപ്രേക്ഷ്യത്തിന്റെ ഉദ്ദേശ്യം.

ഇന്ത്യൻ സ്ത്രീകളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ചും ഇതുവരെയുള്ള സർക്കാർ പരിപാടികളിൽ സ്ത്രീവികസനത്തിനു നൽകിയ പ്രാധാന്യത്തെക്കുറിച്ചും വിലയിരുത്താൻ ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ നാലു ദശാബ്ദങ്ങളായി സ്ത്രീകളുടെ നിലയിൽ മാററമുണ്ടായിട്ടില്ലെന്നു മാത്രമല്ല, പല കാര്യങ്ങളിലും അധഃപതനമുണ്ടായെന്നാണ് അവ കാണിക്കുന്നത്. മാതൃമരണനിരക്ക്, സാക്ഷരത, സ്ത്രീപുരുഷാനുപാതം മുതലായ കാര്യങ്ങളിൽ ഗണ്യമായ മാററമുണ്ടായിട്ടില്ല. കുടുംബാസൂത്രണം വ്യാപകമായി നടപ്പിലാക്കിയിട്ടും പ്രത്യുൽപാദനതോതിൽ കാര്യമായ മാററമുണ്ടായിട്ടില്ല. സ്ത്രീകളുടെ ഇടയിലെ തൊഴിലില്ലായ്മ കൂടി വരികയാണ്. ഗ്രാമപ്രദേശങ്ങളിലെ പാപ്പരീകരണവും പുരുഷൻമാർ തൊഴിൽ തേടി നഗരങ്ങളിലെത്തുന്നതും കുടുംബബന്ധങ്ങളെ തകർത്തിരിക്കുകയാണ്. പുതിയ സാങ്കേതികവിദ്യകളുടെ അധിനിവേശം സ്ത്രീകളെ സ്വന്തം തൊഴിലുകളിൽനിന്ന് പുറത്താക്കിയിരിക്കുന്നു.

ജീവിത സാഹചര്യങ്ങളുടെ തകർച്ചമൂലം വിറക്, ഭക്ഷണം, കുടിവെള്ളം മുതലായവയന്വേഷിച്ച് അലഞ്ഞു തിരിയേണ്ടിവരുന്നു. ഗ്രാമവികസനത്തിനും സാമൂഹ്യക്ഷേമത്തിനും വേണ്ടി നടപ്പിലാക്കിയ നിരവധി പദ്ധതികൾകൊണ്ട് സ്ത്രീകൾക്ക് ഒരു പ്രയോജനവുമുണ്ടായിട്ടില്ല.

സ്ത്രീകളുടെ പൊതുപങ്കാളിത്തവും വളർന്നിട്ടില്ല. സഭകളിലെയും പഞ്ചായത്തു ഭരണസമിതികളിലെയും സ്ത്രീപങ്കാളിത്തം വളരെ കുറവാണ്. ട്രേഡ്‌യൂണിയനുകളിൽ 7 5% മാത്രമാണ് സ്ത്രീകൾക്ക് അംഗത്വമുള്ളത്. സീനിയർ മാനേജുമെൻറ് തസ്തികകളിലും ഐ. ഏ. എസ്, ഐ പി എസ് തസ്തികകളിലും സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണ്. സ്ത്രീകളുടെ സ്ഥാനം വീട്ടിലാണെന്ന ധാരണ ഇന്നും ശക്തമാണ്. ബലാൽസംഗങ്ങളും സ്ത്രീധന മരണങ്ങളും വ്യാപകമായി നടക്കുന്നു. സ്ത്രീകളുടെ മേലുള്ള സാമൂഹ്യവിലക്കുകൾ അവളുടെ പാരതന്ത്ര്യത്തെ വർദ്ധിപ്പിക്കുന്നു. ഇവയ്ക്ക് പരിഹാരമാർഗം എന്ന നിലയിലാണ് പദ്ധതി പരിപ്രേക്ഷ്യം അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.

പദ്ധതി പരിപ്രേക്ഷ്യത്തിൽ അടങ്ങിയിരിക്കുന്ന പൊതു സമീപനങ്ങൾ താഴെ പറയുന്നവയാണ്.

1) കഴിഞ്ഞ ആറു പഞ്ചവത്സര പദ്ധതികളിലായി നടത്തിയ വികസന പ്രവർത്തനങ്ങൾ സ്ത്രീകളെ ബാധിക്കാത്തത് ഭരണാധികാരികളുടെ പിടിപ്പു കുറവും പുരുഷ കേന്ദ്രീകൃതമായ സമീപനങ്ങളും മൂലമായിരുന്നു.

2) ഇന്ത്യയിൽ നിലവിലുള്ള സാമൂഹ്യസാംസ്കാരികബന്ധങ്ങളും ലിംഗപരമായ വിവേചനവും ഈ സ്ഥിതിയെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്.

3) സ്ത്രീകളുടെ അധ്വാനം ഇന്നു പ്രധാനമായും കുടുംബമേഖലയിലും അസംഘടിത മേഖലകളിലുമാണ്. ഇവ സാധാരണയായി പദ്ധതി പരിപ്രേക്ഷ്യങ്ങളിൽ സ്ഥാനംപിടിക്കാറില്ല. സംഘടിതമേഖലകളിലെ തൊഴിലാളികൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ അവർക്കു നിഷേധിക്കപ്പെടുന്നു.

4) സ്ത്രീപുരുഷസമത്വം നിലവിൽ വരാനുള്ള ശ്രമങ്ങളുടെ പ്രധാനഘടകം അഭിപ്രായ രൂപീകരണം, നിയമനിർമ്മാണം, തൊഴിൻ മുതലായ മേഖലകളിൽ സ്ത്രീകളുടെ തുല്യ പങ്കാളിത്തം ഉറപ്പു വരുത്തുകയാണ്.

5) സ്ത്രീകളുടെ തൊഴിൽസാധ്യതകൾ വളർത്തുകയും തൊഴിൽ പരമായ വിവേചനം അവസാനിപ്പിക്കുകയും ചെയ്യുക, സ്ത്രീകൾക്കനുയോജ്യമായ സാങ്കേതിക വിദ്യകളിൽ പരിശീലനവും തൊഴിലവസരങ്ങളും നൽകുക, ഗ്രാമതലത്തിലുള്ള നിരവധി ക്ഷേമ പദ്ധതികളിൽ (IRDP, TRYSEM, RLGEP മുതലായവ) സ്ത്രീകൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള സമീപനം സ്വീകരിക്കുക. സ്ത്രീവികസനത്തിന് ഉതകുന്ന ഭരണ സംവിധാനം ഉണ്ടാക്കുക മുതലായവയാണ് അടിയന്തിരമായി ഇക്കാര്യത്തിൽ ചെയ്യേണ്ടത്.

6 സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ വളരെ സങ്കീർണമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ പൂർണചുമതല ഗവൺമെൻറിന് ഏറ്റെടുക്കാൻ കഴിയുകയില്ല. സ്ത്രീകളിലേക്ക് വികസന പ്രവർത്തനങ്ങളെത്തിക്കുന്നതിനും അവരെ ബോധവൽക്കരിക്കുന്നതിനും സന്നദ്ധ സംഘടനകളെ വ്യാപകമായുപയോഗിക്കേണ്ടതുണ്ട്. ഇന്നത്തെ സർക്കാർ സംവിധാനങ്ങളിലുള്ള നിരവധി വൈകല്യങ്ങൾ പരിഹരിക്കുന്നതിന് സന്നദ്ധസംഘടനകൾക്ക് കഴിയും.

മുൻകാണിച്ച പൊതുസമീപനങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീകൾ നേരിടുന്ന പ്രധാനപ്രശ്നങ്ങളെ പരിശോധിച്ച് അവയ്ക്ക് പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുകയാണ് പദ്ധതിപരിപ്രേക്ഷ്യം ചെയ്യുന്നത്.

## ഗ്രാമവികസനവും കൃഷിയും

സ്ത്രീവികസനത്തെ ദേശീയവികസന പദ്ധതികളുടെ പശ്ചാത്തലത്തിൽ നിന്നല്ലാതെ പരിശോധിക്കാനാവില്ല. കഴിഞ്ഞ നാലുപതിററാണ്ടുകളിലെ വികസനപദ്ധതികളുടെ ഫലമായി ഗ്രാമങ്ങളിലെ പാപ്പരീകരണം വൻതോതിൽ വർദ്ധിച്ചിരിക്കുന്നു. വളരെ ചുരുക്കം സംസ്ഥാനങ്ങളിലൊഴികെ മററൊരിടത്തും ഭൂപരിഷ്കരണം നടപ്പിലായിട്ടില്ല. ഭൂകേന്ദ്രീകരണം ഇന്നും അതേപടി തുടരുന്നു. അറുപതുകളിലാരംഭിച്ച ഹരിതവിപ്ളവ പരിപാടികൾ ഭൂരഹിതരുടെ എണ്ണം വർദ്ധിപ്പിക്കുകയും ധനികകർഷകരുടെ ആധിപത്യം ശക്തിപ്പെടുത്തുകയും ചെയ്തു. ഹരിതവിപ്ളവത്തിൻെറ ഫലമായി പ്രചരിപ്പിക്കപ്പെട്ട വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ മുതലായവ കാർഷികരംഗത്തിൻെറ സ്വഭാവത്തെ തന്നെ മാററിമറിച്ചിട്ടുണ്ട്. പരിസ്ഥിതിത്തകർച്ചയും വനനശീകരണവും നിർബാധം തുടരുന്നു. ഗ്രാമവാസികൾക്കാവശ്യമായ ഭക്ഷണം, ഇന്ധനം, കുടിവെള്ളം എന്നിവപോലും ഇന്ന് അപ്രാപ്യമായിരിക്കുന്നു. ദാരിദ്ര്യം, തൊഴിലില്ലായ്മ, നിരക്ഷരത, പോഷകാഹാരക്കുറവ്, ദാരുണമായ ജീവിതസാഹചര്യങ്ങൾ മുതലായവ കഴിഞ്ഞ കാലങ്ങളിൽ തുടർന്നുപോന്ന വികസനനയത്തിൻെറ സൃഷ്ടിയാണ്.

ഇന്ത്യപിന്തുടർന്നു വന്ന വികസനനയത്തിൻെറ പൊതുവായ അവലോകനം നമുക്ക് പദ്ധതിപരിപ്രേക്ഷ്യത്തിൽ ഒരിടത്തും കാണാനാവില്ല. ആകെയുള്ളത് പഞ്ചവത്സരപദ്ധതികളിൽ കൈക്കൊണ്ട സ്ത്രീക്ഷേമ—സ്ത്രീവികസന പരിപാടികളിലൂടെ ഒരു ഓട്ടപ്രദക്ഷിണം മാത്രമാണ്. എഴുപതുകളിൽ സ്ത്രീക്ഷേമം എന്ന കാഴ്ചപ്പാടിൽ നിന്ന് സ്ത്രീവികസനത്തിലേക്ക് മാറിയത് ഒരു പ്രധാന നേട്ടമായി ചിത്രീകരിക്കുന്നു. അതിൻെറ ഫലമായി ഇരുപതിന പരിപാടിയിൽ

സ്ത്രീവികസനത്തെ ഉൾപ്പെടുത്തിയതായും 27 പരിപാടികൾ സ്ത്രീ വികസനത്തിനുവേണ്ടി കൈക്കൊണ്ടതായും പറയുന്നു. എന്നിട്ടെന്തുണ്ടായി? ഗ്രാമങ്ങളുടെ ദുരവസ്ഥക്ക് മൂലകാരണമായ സാമ്പത്തിക ബന്ധങ്ങളുടെ സമൂലമായമാററം ഈ പരിപാടികളുടെയൊന്നുംലക്ഷ്യമായിരുന്നില്ല. അതുകൊണ്ടുതന്നെ വികസനപരിപാടികൾ കടലാസിലൊതുങ്ങിനിന്നു.

കാർഷിക ബന്ധങ്ങളിലുള്ളമാററം പുതിയ നിർദ്ദേശങ്ങളിലൊന്നും വിഷയമല്ല. നിലവിലുള്ള പദ്ധതികളിൽ സ്ത്രീകൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുകയെന്നതുമാത്രമാണ് നിർദ്ദേശം. ഐ. ആർ. ഡി പി ലോണുകൾ മുപ്പതുശതമാനം സ്ത്രീകൾ നൽകുക, ട്രൈസം (TRYSEM) പദ്ധതിയിൽ കഴിയാവുന്നത്രയുവതികൾക്ക് പരിശീലനം നൽകുക, എൻ. ആർ. ഇ പി., ആർ. എൽ. ജി. ഇ. പി മുതലായ പദ്ധതികൾ സ്ത്രീകൾക്ക് ഉപയോഗപ്രദമായ രീതിയിൽ പുനരാവിഷ്ക്കരിക്കുക വനിതാവികസന കോർപ്പറേഷനുകൾ എല്ലാ സംസ്ഥാനങ്ങളിലും രൂപീകരിക്കുക, വനിതകൾക്ക് സ്വയംതൊഴിൽ തുടങ്ങാൻ ബാങ്കുവായ്പകൾ നൽകുക, സാമൂഹ്യവനവൽക്കരണം, കാർഷികവനവൽക്കരണം മുതലായ പരിപാടികൾ വനിതകളെ കേന്ദ്രീകരിച്ചുനടപ്പിലാക്കുക, മിനിമം ആവശ്യപദ്ധതികളിൽ ഇന്ധനം, കാലിത്തീററ, പരിസരശുചീകരണം, ക്രഷെകൾ എന്നിവ ഉൾപ്പെടുത്തുക, 2000-ാമാണ്ടിനകം എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തുക, കുടിവെള്ളത്തിനുള്ള ടെക്നോളജിമിഷൻെറ പ്രവർത്തനം വ്യാപിപ്പിക്കുക മുതലായവയാണ് പ്രധാനനിർദ്ദേശങ്ങൾ. സ്ത്രീകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് വനിതാവികസന കോർപ്പറേഷനുകളും സാമൂഹ്യക്ഷേമ ബോർഡുകളും വഴിയായിരിക്കും. വനിതകൾക്കുവേണ്ടിയുള്ള പരിപാടികൾക്ക് ഒരു ജില്ലാതല കോ ഓർഡിനേററർ ഉണ്ടാകും. കേന്ദ്രതലത്തിൽ ഒരു ദേശീയ എപെക്സ് ബോഡിയും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

വിദ്യാഭ്യാസം, ആരോഗ്യം, ശിശുക്ഷേമം, സാങ്കേതികവിദ്യ മുതലായ പ്രവർത്തനങ്ങളുടെ സമന്വയം ആവശ്യമാണെന്നും പരിപാടികൾ നടപ്പിലാക്കാൻ കൂട്ടായ പ്രവർത്തനത്തിന് ഊന്നൽ നൽകണമെന്നുമാണ് രേഖയിൽ പറയുന്നത്. ഭരണതലത്തിൽ കൂടുതൽ ഉദ്യോഗസ്ഥരെ സൃഷ്ടിക്കുകയെന്നതാണോ ഇതിൻെറ അർത്ഥം? വനിതാപ്രവർത്തനങ്ങളുടെ കേന്ദ്രീകരണമാണ് പരിപ്രേക്ഷ്യത്തിൽ നിർദ്ദേശിക്കപ്പെട്ട സംവിധാനംവഴി സാധ്യമാകുന്നത്. സമന്വയമെന്നു പറഞ്ഞാൽ കേന്ദ്രീകരണമല്ല. ഇന്നു നിലവിലുള്ള സംവിധാനങ്ങളുടെ പ്രവർത്തനം ഒട്ടും ആശാവഹവുമല്ല.

ഭൂപരിഷ്കരണത്തിന്റെ അഭാവവും ഹരിതവിപ്ലവതന്ത്രത്തിന്റെ ഉപയോഗവും ഇന്ന് സ്ത്രീകളെയും അവരുടെ അധ്വാനത്തെയും (Marginalization) പ്രാന്തവൽകരിച്ചിരിക്കുകയാണ്. അവരെ പുനരധിവസിപ്പിക്കുന്നതിന് കൂടുതലായി യാതൊന്നും ചെലവാക്കാൻ പദ്ധതി പരിപ്രേക്ഷ്യത്തിൽ പറയുന്നില്ല. ഇപ്പോഴത്തെ നമ്മുടെ പദ്ധതികളിലൊന്നിലും ഗ്രാമങ്ങളിലെ ദരിദ്രവിഭാഗങ്ങൾ ഉൾപെടുന്നില്ല. അതായത് പുതിയ പരിപ്രേക്ഷ്യത്തിൽ പറയുന്ന പദ്ധതികളൊന്നും ഗ്രാമങ്ങളിലെ ദരിദ്രസ്ത്രീകളെ ബാധിക്കുകയില്ലെന്നർത്ഥം. ഭൂസ്വത്തിൽ സ്ത്രീകൾക്ക് തുല്യാവകാശം നൽകുന്നതിനെപ്പററി രേഖയിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഭൂമിയേ ഇല്ലാത്ത ദരിദ്രനാരായണൻമാർക്ക് ഇവ ഒട്ടും ബാധകമല്ല. സർക്കാർഭൂമിയും മിച്ചഭൂമിയും പതിച്ചുകൊടുക്കുമ്പോൾ 40 ശതമാനം സ്ത്രീകൾക്കുകൊടുക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു മിച്ചഭൂമി പതിച്ചുകൊടുക്കുന്നത് എത്രമാത്രം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് നമുക്കറിവുള്ളതാണ്. അതുകൊണ്ട് സ്ത്രീകൾക്ക് അവകാശമായി ലഭിക്കാൻപോകുന്ന ഭൂമിയെന്നത് മരീചികയായി കലാശിക്കാനാണ് സാധ്യത.

ഭക്ഷണം, കുടിവെള്ളം, ഇന്ധനങ്ങൾ തുടങ്ങിയവയുടെ കാര്യവും ഇതുപോലെതന്നെ. ഇന്ന് ഗ്രാമപ്രദേശങ്ങളിലെ കാർഷികോൽപന്നങ്ങളിൽ വലിയഭാഗം നഗരങ്ങളിലേക്കാണൊഴുകുന്നത്, അല്ലെങ്കിൽ ധനികകർഷകരുടെ കയ്യിലമരുകയാണ്. ഇതിന്റെ ഒരു ചെറുഭാഗംപോലും പട്ടിണിപ്പാവങ്ങൾക്ക് ലഭിക്കുന്നില്ല. ഇന്ത്യയിലെ ജലവിഭവങ്ങളുടെ ആസൂത്രണത്തെക്കുറിച്ചുള്ള സമഗ്രമായ പദ്ധതികൾ നമ്മുടെ കയ്യിലില്ല. പരിസ്ഥിതിതകർച്ച, വനനശീകരണം എന്നിവയും ഇന്ധനങ്ങളുടെ കമ്മിയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. ഈ ദു:സ്ഥിതിയ്ക്ക് മാററംവരുത്തുന്നതിന് അധികമുതൽമുടക്കില്ലാതെ സാധിക്കുമെന്നു പ്രഖ്യാപിക്കുന്നത് ഒന്നും ചെയ്യാൻ കഴിയില്ല എന്നു പറയുന്നതിനോടു തുല്യമാണ്. ഗവൺമെൻറിന്റെ സാമൂഹ്യവനവൽക്കരണത്തിനും കാർഷികവനവൽക്കരണത്തിനുമുള്ള അധ്വാനശക്തിയായി സ്ത്രീകളെ ഉപയോഗിക്കലാവാം, ഈ നിർദ്ദേശങ്ങളുടെ ലക്ഷ്യം. എന്നാൽ ഇന്ത്യയിലെ വ്യവസായവൽക്കരണത്തിനും ഭൂപ്രഭുത്വത്തിന്റെ വളർച്ചക്കും സ്ത്രീകളുടെ ജീവിതസാഹചര്യങ്ങളുടെ തകർച്ചയ്ക്കു തമ്മിൽ ബന്ധമില്ലേ? ഇവ കണ്ടില്ലെന്നു നടിക്കുന്നത് വസ്തുതകളെ മനസ്സിലാക്കാൻ കൂട്ടാക്കാതിരിക്കലാണ്.

ഗ്രാമപ്രദേശങ്ങളിലെ സ്ത്രീപ്രശ്നം ഇന്നത്തെ കൃഷിപ്രശ്നവുമായി ബന്ധപ്പെട്ടിരിക്കുന്നു. കാർഷികബന്ധങ്ങളിൽ സമൂലമായ മാററംവരുത്താതെ, ഗ്രാമങ്ങളിലെ ദരിദ്രജനകോടികൾക്ക് ഉൽപാദനോപകരണങ്ങളുടെ മേലുള്ള അവകാശം സ്ഥാപിക്കാതെ സ്ത്രീപ്രശ്ന

ത്തിന് സമ്പൂർണമായ പരിഹാരം കാണാമെന്ന് വിചാരിക്കുന്നത് വിഡ്ഢിത്തമാണ്. ഒരുപക്ഷെ, ഇന്നത്തെ ക്ഷേമപദ്ധതികളെ കാര്യക്ഷമമായിനടത്തിയാൽ ചില വിഭാഗങ്ങൾക്ക് മെച്ചം ലഭിച്ചേക്കാം. പക്ഷെ, അതു നടപ്പിലാക്കേണ്ടത് കേന്ദ്രീകൃത ഭരണസംവിധാനത്തിൻ കീഴിൽ ഉദ്യോഗസ്ഥപ്പടയെക്കൊണ്ടാണോ? പഞ്ചായത്തുകളെയും വികേന്ദ്രീകൃത ആസൂത്രണത്തെയും പററിയുള്ള ചില വാചകങ്ങൾ രേഖയിൽ അവിടവിടെ കാണാം. രേഖയിൽ മൊത്തമായി കാണാവുന്ന കേന്ദ്രീകരണ പ്രവണതയ്ക്കു വിരുദ്ധമാണത്.

സാധാരണ ജനങ്ങൾക്ക്, ഇന്ത്യയിലെ ദരിദ്ര ഭൂരിപക്ഷത്തിന് നിർണായകമായ സ്വാധീനമുള്ള ഭരണസംവിധാനത്തിനു മാത്രമേ ഗ്രാമതലത്തിലെ സാമൂഹ്യ സാമ്പത്തികബന്ധങ്ങളെ ഉടച്ചുവാർക്കാനും അതുവഴി സ്ത്രീസമത്വം ഉറപ്പുവരുത്താനും കഴിയുകയുള്ളൂ. ഇന്നത്തെ സാമ്പത്തികബന്ധങ്ങൾ സ്ത്രീകളാൽ ദ്വിമുഖമായ പീഡനമാണ് അടിച്ചേൽപ്പിക്കുന്നത്. സാമ്പത്തികമായി സ്ത്രീയെ പൂർണമായി പാപ്പരീകരിക്കുകയും പ്രാഥമികാവശ്യങ്ങൾ നിറവേററാനുള്ള എല്ലാ വഴികളും അടയ്ക്കുകയും ചെയ്യുന്നു സാമൂഹ്യമായ വിലക്കുകളും ജാതിവ്യവസ്ഥയുടെയും അന്ധവിശ്വാസങ്ങളുടെയും കൂച്ചുവിലങ്ങുകളും കൊണ്ട് സ്ത്രീയുടെ സ്വാതന്ത്ര്യത്തെയും സ്വന്തമായി അഭിപ്രായം രൂപീകരിക്കാനുള്ള അവകാശത്തെയും നശിപ്പിക്കുകയും ചെയ്യുന്നു. ഇതിനുള്ള പ്രതിവിധി ഗ്രാമപ്രദേശങ്ങളിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ധനികവൽക്കരണത്തെ ഇല്ലാതാക്കലും പാരമ്പര്യത്തിൻെറ ശക്തികളെ തടയലുമാണ്. അതിനെക്കുറിച്ചുള്ള വിലയിരുത്തലോ നിർദ്ദേശങ്ങളോ പദ്ധതി പരിപ്രേക്ഷ്യത്തിൽ കാണാൻകഴിയില്ല.

## തൊഴിൽ സാധ്യതകൾ വർധിപ്പിക്കൽ

ഇന്ന് തൊഴിലെടുക്കുന്ന സ്ത്രീകളിൽ ഭൂരിപക്ഷവും അസംഘടിത മേഖലകളിലാണ് ജോലിചെയ്യുന്നത്. തൊഴിൽ സംരക്ഷണത്തിനുള്ള നിയമങ്ങൾ ഒന്നും തന്നെ അസംഘടിത മേഖലയ്ക്ക് ബാധകമല്ല. സേവന ഭദ്രതയോ പ്രാഥമിക അവകാശങ്ങളോ ഇല്ലാത്ത അസംഘടിത മേഖലയിൽ തൊഴിൽ സംഘടനകളും കുറവാണ്. തൊഴിലാളികളുടെ മേൽ ഏററവും നഗ്നമായ ചൂഷണം നടക്കുന്ന മേഖലയും ഇവയാണ്. പദ്ധതി പരിപ്രേക്ഷ്യം നിർദ്ദേശിക്കുന്നത് ഇന്ന് സംഘടിത മേഖലയിൽ നിലവിലുള്ള തൊഴിൽ നിയമങ്ങൾ അസംഘടിത മേഖലയിലേക്കും വ്യാപിപ്പിക്കാൻ ശ്രമിക്കണമെന്നാണ്.

സംഘടിത മേഖലയിൽ സ്ത്രീകൾക്ക് വലിയ തൊഴിൽ സാധ്യതകൾ പദ്ധതി പരിപ്രേക്ഷ്യം കാണുന്നില്ല. കൃഷിയും സർവീസ് മേഖലയുമാണ് കൂടുതൽ തൊഴിൽ സാധ്യതയുള്ളവയായി കാണു

ന്നത്. അടുക്കളത്തോട്ടങ്ങൾ, വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറികൃഷി, നെയ്ത്ത്, ടെക്സ്റ്റൈൽ പ്രിൻറിംഗ്, റെഡിമെയ്ഡ് ഉടുപ്പുകൾ, മൽസ്യബന്ധനം, കോഴിവളർത്തൽ, ഭക്ഷ്യസംസ്കരണം മുതലായവയിലാണ് അവർ തൊഴിൽ സാധ്യതകൾ കാണുന്നത്. ആയുർവേദ മരുന്നുകളുടെ ഉൽപാദനം, പാക്കിംഗ് വ്യവസായം, ഗതാഗതം, സംഭരണം മുതലായവയിലും തൊഴിൽ സാധ്യതകൾ കാണുന്നു. ''പുരുഷ കേന്ദ്രീകൃതമായ'' കൊല്ലപ്പണി, ആശാരിപ്പണി, തുന്നൽ, ബുക്ക് ബൈൻഡിംഗ് എന്നിവയും സ്ത്രീകളെ പഠിപ്പിക്കാമെന്ന് പറയുന്നു. ചുരുക്കത്തിൽ, ചെറുകിട വ്യവസായങ്ങളിലാണ് സ്ത്രീകളുടെ തൊഴിൽ സാധ്യത കാണുന്നത്. ഉൽപാദക സഹകരണ സംഘങ്ങളുടെ വളർച്ചയും അനുയോജ്യ സാങ്കേതിക വിദ്യയുടെ ഉപയോഗവും അനുശാസിക്കുകയും ചെയ്യുന്നു.

ഒൻപതു ഗ്രാമീണ തൊഴിൽ പരിപാടികളിൽ സ്ത്രീകളെ കൂടുതലായി കൊണ്ടുവരുന്നതിനെക്കുറിച്ച് പദ്ധതി പരിപ്രേക്ഷ്യം പറയുന്നു. കൃഷി, പാൽഉൽപാദനം, മൽസ്യബന്ധനം, ചെറുകിട കന്നുകാലി വളർത്തൽ, ഖാദി-ഗ്രാമ വ്യവസായങ്ങൾ, കൈത്തറി, കരകൗശല വസ്തുക്കൾ, പട്ടുനൂൽപുഴു വളർത്തൽ, സാമൂഹ്യ വനവൽക്കരണം എന്നിവയാണവ സ്ത്രീകളുടെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കാൻ അവർക്കു വിദഗ്ദ്ധ പരിശീലനം നൽകണം. പരിശീലിപ്പിക്കാൻ ഒരു ദേശീയ എപെക്സ് ബോഡിയും ഈ മേഖലകളിൽ വേണ്ട ഗവേഷണം നടത്താൻ ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ടും നിർദേശിച്ചിട്ടുണ്ട്.

പുത്തൻ സാങ്കേതിക വിദ്യകളുടെ അധിനിവേശം മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് ബദൽ വൈദഗ്ദ്ധ്യത്തിന പരിശീലനം നൽകുകയെന്നതാണ് മറ്റൊരു നിർദേശം. സ്ത്രീകൾക്കാവശ്യമായ തൊഴിലുകൾക്കനുസരിച്ച് തൊഴിൽ സാധ്യതകളുണ്ടാക്കുക എന്നതാണ് നയമായി അംഗീകരിച്ചിരിക്കുന്നത്. സ്ത്രീകേന്ദ്രീകൃതമായ ചില വ്യവസായങ്ങളിലെ യന്ത്രവൽക്കരണത്തിന്റെ തോതും സാങ്കേതിക മാററങ്ങൾ സ്ത്രീത്തൊഴിലുകളിലുണ്ടാക്കുന്ന മാററവും പഠിച്ച് തൊഴിൽ സാധ്യതകൾ കണ്ടെത്തുക എന്നതും നിർദേശിക്കപ്പെട്ടിട്ടുണ്ട്. കൊയ്ത്തിനുശേഷമുപയോഗിക്കുന്ന സാങ്കേതികവിദ്യകൾ, മൽസ്യബന്ധനം, പട്ടുനൂൽപുഴു വളർത്തൽ കുടിൽ വ്യവസായങ്ങൾ മുതലായവ ഇക്കൂട്ടത്തിലുൾപെടുന്നു. വീട്ടുജോലിയെന്ന ഭാരം കുറയ്ക്കുന്നതിനായി പുകയില്ലാത്ത അടുപ്പുപോലുള്ള ചെലവുകുറഞ്ഞ ഉപകരണങ്ങൾ കൊണ്ടുവരുന്നതിലും പഠനങ്ങൾ നടത്തണമെന്ന് നിർദേശിക്കുന്നു.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തോത് കുറയുന്നതിന് ആദ്യത്തെ കാരണമായി നിർദേശിച്ചത് സ്ത്രീകൾക്കെതിരെ പ്രവർത്തിക്കുന്ന തൊഴിൽവിപണിയുടെ വിഭജനമാണ്. സ്ത്രീകളുടെ തൊഴിൽ

സാധ്യത മുഴുവൻ അസംഘടിത മേഖലകളിലാണെന്നർഥം. സംഘടിത മേഖലയിലെ,വ്യവസായങ്ങളുടെ തൊഴിൽ ഘടനയെപ്പററി ഒന്നുംതന്നെ പരിപ്രേക്ഷ്യത്തിൽ പറയുന്നില്ല. സംഘടിതമേഖലയിൽ തൊഴിൽ സാധ്യതകഠം വളരെ പതുക്കെ മാത്രമേ വളരുന്നുള്ളുവെന്നു പറയുകയും ചെയ്യുന്നു. സ്ത്രീകഠംക്കായി നിർദ്ദേശിച്ചിരിക്കുന്ന വ്യവസായങ്ങളത്രയും ചെറുകിടമേഖലയിലാണ്. ഇതിൻെറ അർത്ഥം തൊഴിൽമേഖലയിൽ സ്ത്രീകളോടുള്ള വിവേചനം തുടരുന്നുവെന്നല്ലേ? വിവേചനം അവസാനിപ്പിക്കണം എന്നായിരുന്നു പദ്ധതിനിർമ്മാതാക്കളുടെ ലക്ഷ്യമെങ്കിൽ സംഘടിതവും അസംഘടിതവുമായ വ്യവസായങ്ങളെ സമഗ്രമായ വിലയിരുത്തുമായിരുന്നു. എല്ലാ മേഖലകളിലും സ്ത്രീകഠംക്ക് സാങ്കേതിക പരിശീലനം നൽകുന്നതിനെക്കുറിച്ച് പറയുമായിരുന്നു, അതിനുവേണ്ട പദ്ധതികഠം അവതരിപ്പിക്കുമായിരുന്നു.

സ്ത്രീകളെടുക്കുന്ന തൊഴിലുകളെ അനുയോജ്യ സാങ്കേതികവിദ്യകളുടെ മേഖലകളാക്കിയിരിക്കുന്നത് ശ്രദ്ധേയമാണ്. ഒരുപ്രദേശത്തിൻെറ വ്യാവസായികമായ വളർച്ചക്കനുസൃതമായ സാങ്കേതികവിദ്യകഠം വളർത്തിയെടുക്കുന്നതിൽ തെററില്ല. അത്തരം സാങ്കേതിക വിദ്യകഠം ചെറുതുമാകാം, വലുതുമാകാം, ആധുനികവുമാകാം പരമ്പരാഗതവുമാകാം. ഇതിൽ ചെറുതും പരമ്പരാഗതവുമായ സാങ്കേതിക പരിശീലനമാണ് സ്ത്രീകഠംക്കനുയോജ്യമായതെന്ന നിഗമനം വിവേചനാത്മകമാണ്. സ്ത്രീകളുടെ പ്രത്യേകമേഖലയാണെന്നു പറയുന്ന ഒൻപതു വ്യവസായങ്ങളുടെ കാര്യം തന്നെ എടുക്കുക. കൃഷി, കന്നുകാലിവളർത്തൽ മുതലായവ ഇന്നു ഭൂരിപക്ഷം ദരിദ്രഗ്രാമീണർക്ക് അപ്രാപ്യമാണ്. ഖാദി, കൈത്തറി, കരകൗശലവസ്തുക്കഠം മുതലായവയുടെ നിർമ്മാണം കടുത്ത പ്രതിസന്ധിയിലുമാണ്. മത്സ്യബന്ധനത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സ്ഥിതി നാംനിത്യേന കണ്ടുവരുന്നതാണ്. പിന്നെയെന്താണ് വളർത്തിക്കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്? പട്ടുനൂൽപുഴുവളർത്തലോ? പാക്കിംഗ് വ്യവസായമോ? ഇവയിൽ എത്ര സ്ത്രീകഠംക്ക് തൊഴിൽ നൽകാൻ കഴിയും? നൽകപ്പെടുന്ന സ്വഭാവമെന്തായിരിക്കും?

ഇവിടെ അനുയോജ്യ സാങ്കേതിക വിദ്യ സ്ത്രീവികസനത്തിനുള്ള മാർഗമല്ല. സ്ത്രീകളെ കുറെപേരെ തൊഴിൽ ശാലകളിൽ ഉഠംക്കൊള്ളിക്കാനുള്ള മാർഗം മാത്രമാണ്. ഇത് പരിപ്രേക്ഷ്യത്തിലെ മറെറാരു പ്രസ്താവനയിൽ നിന്ന് വ്യക്തമാണ്. സ്ത്രീകളുടെ തൊഴിൽ ആവശ്യങ്ങഠംക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കും. തൊഴിൽ ആവശ്യങ്ങളെ എങ്ങനെ കണക്കാക്കും? സ്ത്രീകളുടെ ആവശ്യങ്ങഠം ഇന്ന് പാപ്പരീകരണത്തിൽ നിന്ന് മുക്തിനേടലാണ്. തൻെറയും കുഞ്ഞുങ്ങളുടെയും ജീവിതം കഴിക്കാനുള്ള വക തേടലാണ്. ഇത്തരത്തിലുള്ള ലക്ഷക്കണെ

ക്കിനു സ്ത്രീകളുടെ തൊഴിലാവശ്യങ്ങൾ നിറവേററാൻ "ഉൾക്കൊള്ളൽ നയംകൊണ്ടു സാധിക്കുമോ?"

"അനുയോജ്യ സാങ്കേതികവിദ്യയുടെ", ചെറുകിടവ്യവസായങ്ങളുടെ മേഖല ഇന്ന് അസംഘടിതമേഖലയാണ് ഈ മേഖലയിൽ തൊഴിൽ ഭദ്രതയും മിനിമം വേതനവും നൽകപ്പെടുമെന്നതിന് എന്താണുറപ്പ്? സ്ത്രീത്തൊഴിലാളികൾ സംഘടിതരാകണമെന്നും അസംഘടിതമേഖലയിലെ സേവനഭദ്രത ഉറപ്പുവരുത്തണമെന്നും പരിപ്രേക്ഷ്യം ആവർത്തിച്ചാവർത്തിച്ചു പറയുന്നുണ്ട്. സംഘടിതത്തൊഴിലാളികളെ തകർക്കാനുള്ള കരിനിയമങ്ങൾ ഒന്നിലധികംതവണകൊണ്ടുവന്ന ഗവൺമെൻറാണിത്. ആശുപത്രികളെയും മററു സ്ഥാപനങ്ങളെയും സംബന്ധിച്ച നിയമം, വ്യവസായതർക്കനിയമം തുടങ്ങിയവ ഉദാഹരണങ്ങളാണ്. തൊഴിലാളിസംഘടനകൾക്കെതിരെ നിയമനിർമ്മാണം നടത്തുന്ന ഗവൺമെൻറ് അസംഘടിതമേഖലയിലെ തൊഴിലാളികളെ സംഘടിക്കാനനുവദിക്കുമെന്നു കരുതുന്നത് അസംബന്ധമാണ്.

മറെറാരു പ്രവണതയും വളർന്നുവരുന്നു. തൊഴിൽനിയമങ്ങളെ മറികടക്കാനും തുച്ഛമായ വേതനത്തിന് കൂടുതൽ തൊഴിലെടുപ്പിക്കാനും പല വ്യവസായങ്ങളും തങ്ങളുടെ യൂണിററുകളെ അസംഘടിതമേഖലയിലേക്കു മാററിവരുകയാണ്. അതേമേഖലയിൽ തന്നെയാണ് സ്ത്രീകൾക്ക് തൊഴിൽസാധ്യതകൾ കാണുന്നതും! "അനുയോജ്യ സാങ്കേതികവിദ്യ"യുടെ മറവിൽ നടത്തുന്ന നഗ്നമായ വിവേചനം എതിർക്കേണ്ടതാണ്. തൊഴിൽ സാധ്യതകളെപ്പററി ധാരാളം പറയുന്നുണ്ടെങ്കിലും തൊഴിൽ ജനങ്ങളുടെ അടിസ്ഥാനാവകാശമാക്കണമെന്ന് രേഖയിൽ ഒരിടത്തും പറയുന്നില്ല. തൊഴിൽ തരാനുള്ളബാധ്യത സർക്കാരിനില്ലെന്ന് സൂചിപ്പിക്കുന്നുമുണ്ട്. ഈ അവസ്ഥയിൽ രേഖയിൽ നിർദ്ദേശിക്കുന്ന പദ്ധതികൾകൊണ്ട് എന്തെങ്കിലും നേട്ടം സ്ത്രീകൾക്കുണ്ടാവുമെന്ന് കരുതാനാവില്ല.

## ശാസ്ത്ര സാങ്കേതികവിദ്യയുടെ ഉപയോഗം

സ്ത്രീവികസനത്തിൽ ശാസ്ത്ര സാങ്കേതികവിദ്യകൾക്ക് വിപുലമായ സാധ്യതകളാണ് കാണുന്നത്. നാലുതരത്തിലുള്ള ടെക്നോളജികളാണ് ഉദ്ദേശിക്കുന്നത്.

1) കുടുംബജോലിയുടെ ഭാരം ലഘൂകരിക്കാനുള്ളവ; 2) തൊഴിൽ സൃഷ്ടിക്കുന്നവ; 3) ആരോഗ്യത്തിനും ശുചീകരണത്തിനുമുള്ളവ; 4) തൊഴിൽ അപകടങ്ങൾ കുറയ്ക്കാനുള്ളവ. ഇന്ധനത്തിൻെറ കാര്യത്തിലും ഭക്ഷണം പാകംചെയ്യുന്നതിൻെറ കാര്യത്തിലും അഖിലേന്ത്യതലത്തിലുള്ള പ്രൊജക്ററിനെക്കുറിച്ചു പറയുന്നു. പരിഷ്കരിച്ച അടുപ്പ്, സൌര അടുപ്പ്, ബയോഗ്യാസ് മുതലായവയിൽ കൂടുതൽ

ഗവേഷണവും പ്രചരണവും നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പറയുന്നു. ജലമാനേജ്മെൻറിനുള്ള സമ്പ്രദായങ്ങൾ ഇതിൽ വളരെ പ്രധാനമാണ് രാജസ്ഥാനിൽ ചില സന്നദ്ധസംഘടനകൾ പരീക്ഷിച്ച ജലവിതരണസമ്പ്രദായത്തെ രേഖയിൽ വളരെ പ്രശംസിക്കുന്നുണ്ട്. കുടിവെള്ളത്തിനുള്ള ടെക്നോളജി മിഷനിൽ സ്ത്രീകളുടെ പങ്കാളിത്തം ഉപയോഗിക്കേണ്ടതിനെക്കുറിച്ചും പറയുന്നു. ഇത്തരത്തിലുള്ള പരീക്ഷണങ്ങൾക്ക് മറെറാരുദാഹരണമായി പറയുന്നത് ബർദോളിയിലെ കാർഷികോപകരണ ഗവേഷണകേന്ദ്രമാണ്.

ശാസ്ത്ര സാങ്കേതികവിദ്യകൾ വിവിധതരത്തിലുള്ള സേവനരൂപങ്ങളെ താങ്ങിനിർത്താനുള്ള ഉപാധികളായാണ് കാണുന്നത്. ഉദാഹരണത്തിന് അംഗൻവാടികൾ (ICDS), ക്രഷെകൾ, പ്രസവവും പ്രസവചികിൽസയും, സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യം മുതലായവ കുടിവെള്ളം, വിറക് മുതലായവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുക, കുടുംബജോലിയുടെ ഭാരം കുറയ്ക്കാനുള്ള സാങ്കേതികവിദ്യകൾ കണ്ടുപിടിക്കുക മുതലായവയിലൂടെ സ്ത്രീയുടെ ഗാർഹിക അധ്വാനഭാരം കുറയുന്നു. ഉൽപാദനക്ഷമമായ തൊഴിലുകളിലേർപ്പെടാനുള്ള സൗകര്യം ലഭിക്കുന്നു. സേവനരൂപങ്ങളെല്ലാം സ്ത്രീകൾക്ക് തൊഴിലിനുള്ള ഉപാധികളുമാണ്. ഇവ കൂടാതെ പാർട്ട്ടൈമായി സ്ത്രീകൾ തൊഴിലെടുക്കാനുള്ള സാധ്യതകളും കാണുന്നുണ്ട് പരമ്പരാഗതമായ അധ്വാനരൂപങ്ങളിൽ വേണ്ട മാററങ്ങൾ വരുത്തണമെന്നും പറയുന്നു. ഉദാഹരണത്തിന് ഇന്ധനവും തൊഴിൽ സമയവും കുറഞ്ഞ പാചകവിധികൾ പ്രചരിപ്പിക്കുക, സാമൂഹ്യ അടുക്കളകൾ ഉണ്ടാക്കുക മുതലായവ.

ശാസ്ത്രസാങ്കേതികവിദ്യകളുടെ ഉപയോഗത്തെക്കുറിച്ചും പരിശീലനത്തെക്കുറിച്ചും പല നിർദ്ദേശങ്ങളുമുണ്ട്. സ്ത്രീകളുടെ തൊഴിലിനെ നഷ്ടപ്പെടുത്താത്ത വിധത്തിൽ പുതിയതായി ഉപയോഗിക്കുന്ന സാങ്കേതികവിദ്യകൾ ആസൂത്രണം ചെയ്യുന്നതിന് ഒരു സമിതി ഉണ്ടാക്കണമെന്നാണ് ഒരു നിർദ്ദേശം. സഹകരണാടിസ്ഥാനത്തിലുള്ള മാനേജുമെൻറും പരിശീലനവും വേണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. പരിശീലനപരിപാടികൾ ഗവൺമെൻറിന്റെ പരിപാടികളായ സാമൂഹ്യവനവൽക്കരണം, കായികപരിശീലനം മുതലായവയെ മുൻനിർത്തിയായിരിക്കണമെന്ന നിർദ്ദേശം ശ്രദ്ധേയമാണ്. വിവാഹത്തിനുശേഷം സ്ത്രീകൾ തൊഴിൽ വിപണിയിൽ നിന്നു പുറത്തുപോകുന്നതു തടയാൻ മാർഗങ്ങൾ സ്വീകരിക്കണമെന്നും നിർദ്ദേശമുണ്ട്. ക്രഷെകൾ വ്യാപകമാക്കണമെന്നും സാങ്കേതിക സ്ഥാപനങ്ങളിൽ ക്രഷെകൾ നടത്തുന്നതിനുവേണ്ട പരിശീലനം നൽകണമെന്ന നിർദ്ദേശവുമുണ്ട്.

സ്ത്രീകളുടെ ഗാർഹികാധ്വാന ഭാരത്തെ ലഘൂകരിക്കാനും മാതൃശിശു സംരക്ഷണത്തിനും ശാസ്ത്രസാങ്കേതിക വിദ്യകളെ ഉപയോഗപ്പെടുത്തണമെന്നത് ശരിയാണ്. ക്രഷെകൾ, നഴ്സറികൾ, അംഗൻവാടികൾ മുതലായ വ്യാപകമായി പ്രവർത്തിക്കേണ്ട ആവശ്യവുമുണ്ട്. ഇത്തരം നിർദ്ദേശങ്ങൾക്കാധാരമായ വിലയിരുത്തലുകളാണ് ചർച്ച ചെയ്യപ്പെടേണ്ടത്. സ്ത്രീകളുടെ അധഃകൃതാവസ്ഥ സാംസ്കാരികവും സാങ്കേതികവുമായ പ്രശ്നങ്ങളുട മാത്രം ഉല്പന്നമല്ല. അവയ്ക്കാധാരമായ സമ്പദ്ഘടനയുടെ പ്രശ്നങ്ങളുമുണ്ട്. ഗാർഹികാധ്വാനഭാരം സ്ത്രീകളെ ഇഞ്ചിഞ്ചായി കൊല്ലുന്നുവെങ്കിൽ, അത് പുരുഷമേധാവിത്വ ഘടനകളുടെയും ലൈംഗിക വിവേചനത്തിന്റെയും സാങ്കേതിക വിദ്യകളുടെ അഭാവത്തിന്റെയും മാത്രം ഉല്പന്നമല്ല. ഭൂരിപക്ഷത്തിന്റെ ദരിദ്രവൽക്കരണത്തിന്റെയും പാപ്പരീകരണത്തിന്റെയും സന്തതിയാണ്. അതിന് സാങ്കേതികമായി മാത്രം പരിഹാരം കാണാൻ സാധ്യമല്ല. സാങ്കേതിക വിദ്യകളുടെ ഉപയോഗത്തെക്കുറിച്ചുള്ള പരാമർശങ്ങൾപോലും മുഖവിലക്കെടുക്കാൻ സാധ്യമല്ല. ഉദാഹരണത്തിന്, സ്ത്രീകളുടെ തൊഴിൽ നഷ്ടമാകാത്ത വിധത്തിൽ സാങ്കേതികാസൂത്രണം നടത്തുന്നഭാഗം. അതു സാധ്യമാകില്ലെന്ന് ആസൂത്രകർക്കു തന്നെ അറിയാം. അതുകൊണ്ടാണല്ലോ പുറത്താക്കപ്പെട്ട സ്ത്രീത്തൊഴിലാളികൾക്ക് ബദൽ സാങ്കേതികവിദ്യ പരിശീലിപ്പിക്കുന്നത്. പുതിയ സാങ്കേതികവിദ്യകൾ തലങ്ങും വിലങ്ങുമുപയോഗിച്ച് സ്ത്രീകളും പുരുഷൻമാരുമടങ്ങുന്ന തൊഴിലാളികളെ മുഴുവൻ തൊഴിൽരഹിതരോ നാമമാത്ര തൊഴിലാളികളോ ആക്കി മാററുന്ന ഗവൺമെൻറാണ് സ്ത്രീകളുടെ തൊഴിൽ സംരക്ഷിക്കുന്നതിനെപ്പററി പ്രസംഗിക്കുന്നതെന്നതാണ് വിചിത്രം.

ശാസ്ത്രസാങ്കേതിക വിദ്യകളെക്കുറിച്ചുള്ള സമീപനം ദേശീയവിദ്യാഭ്യാസനയത്തിലും ടെക്നോളജി മിഷനുകളിലും കണ്ട അടിസ്ഥാന കാഴ്ചപ്പാടിന്റെ തുടർച്ചയായി കണക്കാക്കാം. സാമ്പത്തികപ്രശ്നങ്ങളെയും അതുയർത്തുന്ന സാമൂഹ്യസാംസ്കാരികരൂപങ്ങളെയും "മറികടക്കാനാ"ണ് ഇപ്പോൾ ടെക്നോളജിയെ ഉപയോഗിക്കുന്നത്. ടെക്നോളജിയെ ഒരു സർവരോഗസംഹാരിയായി കാണുന്നു. ടെക്നോളജിപോലും സാമൂഹ്യസാമ്പത്തിക ബന്ധങ്ങൾക്കതീതമല്ല. "ഹൈടെക്നോളജി" ഇന്ത്യയെ 21-ാംനൂററാണ്ടിലേക്ക് നയിക്കാനാവശ്യമാണ് എങ്കിൽ പാവപ്പെട്ടവർക്കും സ്ത്രീകൾക്കും വേണ്ടത് ദാരിദ്ര്യത്തിനനുയോജ്യമായ സാങ്കേതികവിദ്യയാണ്. ഔദ്യോഗികസംവിധാനങ്ങളും സമിതികളുമുപയോഗിച്ച് ഇവ പ്രചരിപ്പിക്കുകയാണ് സ്ത്രീയുടെ ദുരവസ്ഥയ്ക്ക് പ്രതിവിധിയായി കാണുന്നതും.

## വിദ്യാഭ്യാസം

സ്ത്രീവിദ്യാഭ്യാസത്തിൻെറ ശോചനീയസ്ഥിതി വിശദമായി വിവരിക്കുന്നുണ്ട്. സ്ക്കൂളുകളിൽ പ്രവേശനം നേടുന്ന പെൺകുട്ടികളുടെ എണ്ണം കുറവാണ്. കേരളത്തിലൊഴികെ മററെല്ലാ സംസ്ഥാനങ്ങളിലും സാക്ഷരതാനിരക്കും കുറവാണ്. പുരുഷസാക്ഷരതാനിരക്കും സ്ത്രീസാക്ഷരതാനിരക്കും തമ്മിലുള്ള അന്തരം 1951 ൽ 17 ആയിരുന്നത് 1981 ൽ 22 ആയി വർദ്ധിച്ചു. 1981-ൽ നിരക്ഷരരിൽ 57% സ്ത്രീകളാണ്. പ്രവേശനം നേടാത്തവരിൽ 70 ശതമാനം പെൺകുട്ടികളാണ്. സെക്കണ്ടറി വിദ്യാഭ്യാസത്തിൽ (1984-85 ൽ) 100 ആൺകുട്ടികൾക്ക് 44 പെൺകുട്ടികൾ മാത്രമാണ് പ്രവേശനം നേടുന്നത്.

പെൺകുട്ടികളുടെ പ്രവേശനനിരക്ക് കുറയുന്നതിന് താഴെ പറയുന്ന കാരണങ്ങളാണ് രേഖയിൽ പറയുന്നത്.

1) അമ്മമാർ ജോലിക്കുപോകുമ്പോൾ മൂത്തപെൺകുട്ടികൾക്ക് ഇളയകുഞ്ഞുങ്ങളെ നോക്കേണ്ടിവരുന്നു.

2) കുടുംബവരുമാനം വർദ്ധിപ്പിക്കാൻ പെൺകുട്ടികൾക്ക് തൊഴിലിനു പോകേണ്ടിവരുന്നു.

3) പെൺകുട്ടികൾ വളരെ ചെറുപ്പത്തിൽ വിവാഹം കഴിക്കുന്നു

4) സാമൂഹ്യവിലക്കുകൾ

5) അപ്രസക്തമായ സ്ക്കൂൾ കരിക്കുലം

6) സ്ക്കൂളുകളിൽ കെട്ടിടങ്ങൾ, ഹോസ്ററലുകൾ, സ്ത്രീ അധ്യാപികമാർ മുതലായവ ഇല്ലാതിരിക്കുക.

2000 A.D യ്ക്കുള്ളിൽ താഴേ പറയുന്ന ലക്ഷ്യങ്ങൾ നേടിയിരിക്കണമെന്ന് രേഖയിൽ പറയുന്നു:

1) നിരക്ഷരതാ നിർമ്മാർജനം, പ്രാഥമികവിദ്യാഭ്യാസം സാർവത്രികമാക്കുക. 6-14 വയസ്സുകളിലെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുക.

2) സെക്കണ്ടറി വിദ്യാഭ്യാസത്തിന് വൈവിധ്യം കൈവരുത്തുക, തൊഴിലധിഷ്ഠിതമാക്കുക.

3) എല്ലാ തുറകളിലും സ്ത്രീകൾക്ക് അവസരം ഉറപ്പുവരുത്തുക.

4) സ്ത്രീകൾക്ക് അനൗപചാരിക വിദ്യാഭ്യാസവും പാർട്ട്ടൈം കോഴ്സുകളും ഏർപ്പെടുത്തുക.

5) കൂടുതൽ സ്ത്രീകളെ പ്രൊഫഷണൽ കോഴ്സുകളിൽ ചേരാൻ പ്രേരിപ്പിക്കുക.

6) സ്കൂൾ കരിക്കുലത്തിൽ ലിംഗവിവേചനം ഒഴിവാക്കുക

7) പ്രാഥമിക വിദ്യാലയങ്ങളിൽ 50 ശതമാനം വനിതാ അധ്യാപികമാരെ നിയമിക്കുക

8) ദൂരത്തുനിന്നു വരുന്ന പെൺകുട്ടികൾക്ക് ഹോസ്റ്റൽസൗകര്യങ്ങൾ ഏർപ്പെടുത്തുക

9) 8-ാം സ്ററാൻഡേർഡിനുശേഷം കാർഷികസാങ്കേതിക വിദ്യകൾ, ആരോഗ്യസേവനം, ഭക്ഷ്യോൽപാദനം മുതലായവ പഠിപ്പിക്കുക

10) കൺഡെൻസ്ഡ് കോഴ്സുകൾ ഏർപ്പെടുത്തുക

11) ഓപ്പൺസ്കൂൾ സമ്പ്രദായം, കറസ്പോണ്ടൻസ്കോഴ്സുകൾ മുതലായവ ഏർപ്പെടുത്തുക

ഇത്തരത്തിലുള്ള നിർദ്ദേശങ്ങളിൽ ഏററവും പ്രധാനം ദുർബല വിഭാഗത്തിൽപെട്ട പെൺകുട്ടികളെ ആകർഷിക്കാൻ വിവിധ രൂപത്തിലുള്ള അനൗപചാരിക-തൊഴിലധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുകയാണ്.

ദേശീയ വിദ്യാഭ്യാസനയത്തിൽ അവതരിപ്പിക്കപ്പെട്ട ഒട്ടനവധി സങ്കൽപങ്ങൾ അതേപടി ഇതിൽ ആവർത്തിക്കുന്നതായി കാണാം. ദേശീയ വിദ്യാഭ്യാസനയത്തിലെ "ശൈലീമാററ"ങ്ങളിൽ ഏററവും പ്രധാനമാണ് സൗജന്യ നിർബന്ധിത വിദ്യാഭ്യാസത്തിന്റെ സങ്കൽപം എടുത്തുകളഞ്ഞത്. സ്ത്രീകൾക്ക്പോലും സൗജന്യ നിർബന്ധിത വിദ്യാഭ്യാസം നൽകണമെന്ന് ഒരിടത്തും പറയുന്നില്ല. ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെയുള്ള വിദൂര വിദ്യാഭ്യാസത്തിന്റെ മാതൃകയിൽ ഓപ്പൺ സ്കൂൾ സമ്പ്രദായത്തെപ്പററി പറയുന്നു. പെൺകുട്ടികളെ വിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കാൻ വേണ്ട നിരവധി പരിപാടികളെപ്പററിയും പറയുന്നു. അതുപോലെ ഔപചാരിക വിദ്യാഭ്യാസത്തിനു സമാന്തരമായി അനൗപചാരിക മേഖല വളർത്തിയെടുക്കേണ്ടതിനെക്കുറിച്ചും.

സൗജന്യ നിർബന്ധിത വിദ്യാഭ്യാസത്തെക്കുറിച്ചും കോമൺ സ്കൂൾ സമ്പ്രദായത്തെക്കുറിച്ചും ഒന്നും പറയാത്ത സർക്കാർ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള ബാധ്യത കയ്യൊഴിയുകയാണ്. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകണമെങ്കിൽ ചെയ്യേണ്ടത് ഇന്നുള്ള സ്കൂളുകളിൽ കൂടുതൽ സൗകര്യങ്ങളേർപെടുത്തുകയും സാധാരണക്കാർക്ക് പഠിക്കാൻ കഴിയുന്ന പുതിയ സ്കൂളുകൾ ആവിഷ്കരിക്കുകയും സാധാരണക്കാരെ ആകർഷിക്കുന്ന രീതിയിൽ പാഠ്യപദ്ധതി പരിഷ്ക്കരിക്കുകയും ചെയ്യുകയാണ്. അതൊന്നും ചെയ്യാതെ പെൺകുട്ടികളെ അനൗപചാരിക മേഖലയിലേക്കും പാർട്ട് ടൈം-കൺഡൻസ്ഡ് കോഴ്സുകളിലേക്കും തള്ളിയിടുന്നത് അവരോട്

ചെയ്യുന്ന വിവേചനമാണ്. എന്തുകൊണ്ട് ആൺകുട്ടികളുടെ അതേ മാതൃകയിലുള്ള പാഠ്യപദ്ധതികൾ പെൺകുട്ടികൾക്കും നൽകിക്കൂടാ? പെൺകുട്ടികൾക്ക് വെവ്വേറെ കോഴ്സുകൾ ഏർപ്പെടുത്തുന്നത് ലിംഗപരമായ വിവേചനത്തിന്റെ മറ്റൊരു രൂപമല്ലേ? പെൺകുട്ടികൾക്ക് ഇന്ന് സ്കൂളിലേക്ക് വരാതിരിക്കാനുള്ള സാമൂഹ്യവും സാമ്പത്തികവുമായ വിലക്കുകൾ ഒഴിവാക്കാനുള്ള സംവിധാനങ്ങൾ സ്ത്രീ വിദ്യാഭ്യാസത്തിന്റെ വളർച്ചയുടെ പ്രധാന ഘടകമാണ്.

ഇവിടെ കേരളത്തിന്റെ അനുഭവങ്ങൾ പ്രസക്തമാണ്. സ്ത്രീ വിദ്യാഭ്യാസം അതിവേഗം വളർന്നുവന്ന സംസ്ഥാനമാണ് കേരളം. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിലുമായി വളർന്നുവന്ന കാർഷിക ബന്ധങ്ങളിൽ വന്ന മാറ്റവും സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ മുന്നേറ്റവുമാണ് സ്ത്രീവിദ്യാഭ്യാസത്തെ ഉയർത്തിയത്. കാർഷിക ബന്ധങ്ങൾ ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന രാജസ്ഥാൻ, മധ്യപ്രദേശ്, ഉത്തർപ്രദേശ്, ബീഹാർ സംസ്ഥാനങ്ങളിലാണ് സ്ത്രീകളുടെ നിരക്ഷരത ഏററവുമധികമെന്നത് പ്രസക്തമാണ്. സ്ത്രീ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നിർദേശങ്ങളൊന്നുംതന്നെ ഈ പ്രശ്നത്തെ ഭൂപരിഷ്ക്കരണവുമായും സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളുമായും ബന്ധപ്പെടുത്തുന്നില്ല. വിദ്യാഭ്യാസത്തിന്റെ വളർച്ച എന്നും ഉണ്ടായിട്ടുള്ളത് പുരോഗമനാത്മകമായ, ചലനാത്മകമായ സമൂഹത്തിലാണ്. അല്ലാതെ, മുരടിച്ച, ജീവസ്സററ, പാരമ്പര്യത്തിൽ മുങ്ങിയ സമൂഹത്തിലല്ല. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇത് കൂടുതൽ പ്രസക്തമാണ്. അത്തരത്തിലുള്ള സാമൂഹ്യ മുന്നേററങ്ങൾ സൃഷ്ടിക്കുന്നതിനു പകരം, കൃത്രിമമായ ടെക്നോളജിക്കൽ സമീപനമുപയോഗിച്ച് സ്ത്രീ വിദ്യാഭ്യാസം നൽകാനാവില്ല.

സ്ത്രീകളെ എല്ലാ തുറകളിലും "ഉൾക്കൊള്ളിക്കണ"മെന്നു പറയുന്ന സർക്കാർ പെരുമ്പറയടിച്ച് എല്ലായിടങ്ങളിലും തുറക്കുന്ന നവോദയ വിദ്യാലയങ്ങളിൽ സ്ത്രീകൾക്കായി സീററുകൾ 'സംവരണം' ചെയ്യുന്നില്ല ഗ്രാമീണരെ മെച്ചപ്പെടുത്താനുള്ള വിദ്യാലയങ്ങളാണ് അവയെന്നാണല്ലോ വെയ്പ്. അങ്ങിനെയാണെങ്കിൽ ഗ്രാമീണ സ്ത്രീകൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകുന്നതിനും പ്രധാനപങ്കു വഹിക്കേണ്ടതല്ലേ? ഉന്നതവിദ്യാഭ്യാസരംഗത്തിലും സ്ത്രീകൾക്ക് പ്രോത്സാഹനം നൽകണമെന്നു പറയുന്നുണ്ടെങ്കിലും, വ്യക്തമായ നിർദ്ദേശങ്ങളൊന്നുമില്ല. ഉന്നതവിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം പൊതുവെ വെട്ടി കുറയ്ക്കുന്ന സ്ഥിതിയ്ക്ക് സ്ത്രീകൾക്ക് പ്രത്യേകം ആനുകൂല്യങ്ങളൊന്നും നൽകേണ്ട എന്നായിരിക്കുമോ?

## ആരോഗ്യം

സ്ത്രീകളുടെ ആരോഗ്യത്തെക്കുറിച്ചുള്ള ചിത്രം അതിലും ശോചനീയമാണ്. സ്ത്രീകളും പുരുഷൻമാരും തമ്മിലുള്ള അനുപാതം 1901ൽ 972ന് 1000 വീതമായിരുന്നെങ്കിൽ 1970 930ന് 1000 എന്ന നിലയിലേക്ക് കുറഞ്ഞു. പിന്നീടും കാര്യമായ മാററമുണ്ടായിട്ടില്ല. പാവപ്പെട്ട സ്ത്രീകൾ കഴിക്കുന്ന ഭക്ഷണം മനുഷ്യനാവശ്യമുള്ള ഭക്ഷണത്തെക്കാൾ 500–600 കലോറി കുറവാണ്. ഗർഭിണികളും മുലയൂട്ടുന്നവരുമായ സ്ത്രീകൾ 1100ഉം 1000 കലോറി കുറവാണ് കഴിക്കുന്നത്. മാതൃമരണങ്ങളിൽ 15–20 ശതമാനം ഗർഭിണികളായിരിക്കുമ്പോൾ ഉണ്ടാകുന്ന രക്തക്കുറവുകാരണമാണ്. രക്തക്കുറവ്, രക്തസ്രാവം, ടോക്സീമിയാ സെപ്സിസ്, ഗർഭഛിദ്രം മുതലായവയാണ് മാതൃമരണങ്ങൾക്കുള്ള പ്രധാനകാരണം. പെൺകുട്ടികളെക്കാൾ കൂടുതൽ മുലപ്പാൽ ലഭിക്കുന്നത് ആൺകുട്ടികൾക്കാണ്, കൂടുതൽ ഭക്ഷണസാധനങ്ങളും. രോഗം വരുമ്പോൾ ആൺകുട്ടികളെക്കാൾ കൂടുതൽ പെൺകുട്ടികളാണ് ചികിത്സയില്ലാതെ പോകുന്നത്. അംനിയോസിന്തസിസ് വഴിയുള്ള ഭ്രൂണഹത്യയും അതുപോലെ വ്യാപകമാണ്.

സ്ത്രീകളുടെ ആരോഗ്യത്തെക്കുറിച്ചും ഇതുവരെ നടപ്പിലാക്കിവന്ന പദ്ധതികളെക്കുറിച്ചും പറയുന്നു 1976–ലെ സ്ത്രീകൾക്കുള്ള ദേശീയ പ്രവർത്തനപദ്ധതി ആറു മേഖലകളിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു.

1) സേവനപദ്ധതികൾ നടപ്പിലാക്കുക
2) ആവശ്യമുള്ള മനുഷ്യ വിഭവ ശക്തി വളർത്തുക
3) പൊതു വിദ്യാഭ്യാസപരിപാടികൾ
4) നിയമനിർമ്മാണം
5) സന്നദ്ധസംഘടനകളുടെ പ്രവർത്തനം
6) ഗവേഷണപരിപാടികൾ

ഏഴാം പദ്ധതിയിൽ പ്രാഥമികാരോഗ്യ പരിപാലനത്തിന് മുൻഗണന കൊടുക്കണമെന്ന് പറഞ്ഞിരുന്നു. എങ്കിലും 1946ൽ ഭോർ കമ്മിററി നിർദ്ദേശിച്ച 30,000 പേർക്ക് ഒരു പ്രൈമറി ഹെൽത്ത് സെൻറർ എന്ന ലക്ഷ്യം പോലും ഇതുവരെ കൈവരിക്കാൻ സാധ്യമായില്ലെന്നു രേഖയിൽ തന്നെ പറയുന്നുമുണ്ട്.

ഇന്നത്തെ ആരോഗ്യനയത്തിൻെറ മററു ചില വൈകല്യങ്ങളെക്കുറിച്ചും രേഖയിൽ എടുത്തു പറയുന്നു ഇന്നത്തെ കുടുംബാസൂത്രണനയം പ്രത്യുല്പാദന നിയന്ത്രണത്തെ മാത്രം കേന്ദ്രീകരിച്ചതാണെന്നും സ്ത്രീകൾക്ക് അവരുടെ ശരീരത്തിനു മേലുള്ള നിയന്ത്രണം

ഈ നയത്തിൻെറ പരിഗണനയിലില്ലെന്നും എടുത്തുപറയുന്നു. അടുത്തകാലത്ത് കുടുംബാസൂത്രണ പരിപാടികൾ മുഴുവനും സ്ത്രീകളിൽ കേന്ദ്രീകരിച്ചുവരുകയാണ്. 90% വന്ധ്യംകരണ ശസ്ത്രക്രിയകളും സ്ത്രീകളിലാണ് നടക്കുന്നത് നെററ്-എൻ പോലുള്ള കുത്തിവെയ്ക്കുന്ന ഗർഭനിരോധ ഉപകരണങ്ങൾ കൊണ്ടുള്ള പരീക്ഷണങ്ങളുംഎടുത്തു പറയുന്നു. കുടുംബാസൂത്രണത്തിൻെറ വിവിധ മുറകൾ ഭൂരിപക്ഷം സ്ത്രീകൾക്കും അജ്ഞാതമാണ്. എല്ലാവർക്കും അറിയുന്നത് വന്ധ്യംകരണം മാത്രമാണ്. ഐ. യു. ഡി, ഗുളികകൾ മുതലായവ പലതരത്തിലുള്ള രോഗങ്ങൾ സൃഷ്ടിക്കുന്നുമുണ്ട്.

ഈ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദേശങ്ങളാണ് രേഖ മുന്നോട്ടു വെക്കുന്നത്.

1 ഭ്രൂണഹത്യക്കു പ്രേരിപ്പിക്കുന്ന അംനിയോ സെൻറിസിസ് നിരോധിക്കുക.

2 പെൺകുഞ്ഞുങ്ങളെ പ്രസവിക്കുന്നവർക്ക് പ്രോൽസാഹനം നൽകുക

3 സാർവത്രികരോഗ പ്രതിരോധം

4 ORT ചികിൽസ വ്യാപകമായി പ്രചരിപ്പിക്കുക

5 ഐ സി ഡി എസ് പദ്ധതി ശക്തിപ്പെടുകയും പെൺകുട്ടികൾക്കു മുൻഗണന നൽകുകയും ചെയ്യുക.

6 വിദ്യാഭ്യാസവും തൊഴിൽ സാധ്യതകളും ഉറപ്പുവരുത്തുക. വിവാഹത്തിനുള്ള കുറഞ്ഞ പ്രായത്തെ സംബന്ധിച്ച നിയമം കർശനമായി നടപ്പിൽ വരുത്തുക.

7 പോഷകാഹാരം നൽകുക

8 ആരോഗ്യ–പോഷകാഹാര വിദ്യാഭ്യാസം

9 സമഗ്രമായ സ്കൂൾ ആരോഗ്യപരിപാടി

10 ഗ്രാമാരോഗ്യപദ്ധതികൾ

ഇത്തരത്തിൽ പ്രസവകാലത്തെ ശുശ്രൂഷയെപ്പററിയും പ്രസവത്തിനുശേഷം ചെയ്യേണ്ടകാര്യത്തെപ്പററിയും നിരവധി നിർദ്ദേശങ്ങളുണ്ട്. അതിനോടൊപ്പം സ്ത്രീകൾക്ക് തങ്ങളുടെ ശരീരങ്ങളുടെമേൽ നിയന്ത്രണമുണ്ടാവുന്ന രീതിയിൽ കുടുംബാസൂത്രണപരിപാടികൾ ആവിഷ്ക്കരിക്കണമെന്നും നെററ്–എൻ പോലുള്ള ഗർഭനിരോധന മാർഗങ്ങൾ നിരോധിക്കണമെന്നും പുരുഷവന്ധ്യംകരണം പ്രോൽസാഹിപ്പിക്കണമെന്നും ആവശ്യപ്പെടുന്നു. പ്രധാനപ്പെട്ട മറെറാരു നിർദ്ദേശം സ്ത്രീകൾക്കുണ്ടാകുന്ന ''ബാധ''കളും ന്യൂറോസിസും ചികിൽസിക്കാൻ പി എച്ച് സി യിലെ ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകണമെന്നാണ്. കുടിവെള്ളം, ഇന്ധനം, കക്കൂസുകൾ ഊർജസംരക്ഷണ

ത്തിനുള്ള മാർഗങ്ങളും തുടങ്ങിയവയും പ്രായോഗികമാക്കണം. ഭോർ കമ്മിററിയുടെ നിർദേശങ്ങളും നടപ്പിലാക്കണമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

സ്ത്രീകളുടെ ആരോഗ്യത്തെക്കുറിച്ച് സമഗ്രമായ ഒരു കാഴ്ചപ്പാട് രൂപീകരിക്കാൻ രേഖക്കു കഴിഞ്ഞിട്ടില്ല. പുനരുൽപാദനജൈവശാസ്ത്രം, കുടുംബാസൂത്രണം മുതലായവക്കുകൊടുത്ത പ്രാധാന്യം കൊണ്ട് ഇതു വ്യക്തമാണ്. മാതൃമരണനിരക്ക് തീർച്ചയായും വളരെ പ്രധാനമാണ്. പക്ഷെ, എന്തുകൊണ്ടാണ് സ്ത്രീകളിൽ പോഷകാഹാരക്കുറവും രക്തക്കുറവും കൂടുതലായി കാണുന്നത്? സ്ത്രീകൾക്ക് സ്വന്തം ശരീരങ്ങളിൽ നിയന്ത്രണം വേണമെന്ന മുദ്രാവാക്യം ശരിയാണ് പക്ഷെ, സ്വന്തം ശരീരത്തെ നിലനിർത്താൻ കഴിയാത്ത ഒരു സമൂഹമാണ് ഇന്ത്യയിൽ ഇന്നുള്ളതെന്നോർക്കുക. അതുകൊണ്ട് തീർച്ചയായും പോഷകാഹാരം, ശുദ്ധിയുള്ള പരിസരം, വിദ്യാഭ്യാസം, ഗാർഹികത്തൊഴിൽ കൊണ്ടും പണിശാലയിലെ തൊഴിൽ കൊണ്ടുമുണ്ടാകുന്ന രോഗങ്ങളുടെ നിർമാർജനം മുതലായവ വളരെ പ്രധാനമാണ്. മുമ്പു സൂചിപ്പിച്ച വീട്ടുജോലിയുടെ ഭാരത്തിൽനിന്നുള്ള മോചനവും അത്യാവശ്യമാണ്. അർദ്ധപട്ടിണിയായ കുടുംബങ്ങളിൽ പുരുഷൻമാർക്ക് ആഹാരം നൽകി പട്ടിണികിടക്കേണ്ടി വരുന്നത് സ്ത്രീകളാണെന്നത് വളരെ പ്രകടമാണ്.

ഗർഭധാരണയും പ്രസവവുമാണ് സ്ത്രീകൾക്ക് ഏററുമധികം രോഗമുണ്ടാക്കുന്നത് എന്ന ധാരണയാണ് രേഖയിൽ മുഴച്ചു നിൽക്കുന്നത്. പ്രസവത്തോടനുബന്ധിച്ചുള്ള രോഗങ്ങളും ജീവിതസാഹചര്യങ്ങളുടെ സൃഷ്ടിയാണെന്നും അതുകൊണ്ട് അത്തരം സാഹചര്യങ്ങളിലാണ് ശ്രദ്ധയൂന്നേണ്ടതെന്നുമുള്ള വസ്തുത ഇതിൽ പ്രതിഫലിക്കുന്നില്ല. ''ബാധ''കളും ന്യൂറോസിസുമൊക്കെ സ്ത്രീകളുമായി ബന്ധപ്പെട്ടതാണെന്ന ബഹുജനധാരണ എന്തുകൊണ്ട് ഈ രേഖയിലും കടന്നുവരുന്നുവെന്നു മനസിലാകുന്നില്ല മനോരോഗവും ഹിസ്ററീരിയയുമൊക്കെ സ്ത്രീകളുടെ രോഗങ്ങളാണെന്ന സ്ഥിരീകരിക്കാനാവാത്ത ധാരണയുടെ തുടർച്ചയല്ലേ ഇത്?

ഇവയെക്കാളൊക്കെ വളരെ പ്രധാനമായ പലകാര്യങ്ങളെക്കുറിച്ചും രേഖയ്ക്ക് ഒന്നും പറയാനില്ല ലോകാരോഗ്യസംഘടന പറഞ്ഞ അവശ്യഔഷധങ്ങളൊന്നും നമ്മുടെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ കിട്ടാനില്ല. അവ വിലകുറച്ചു വിതരണം ചെയ്യാനുള്ള സംവിധാനവും ഇന്നില്ല. ബഹുരാഷ്ട്ര കുത്തകകളുടെ നിയന്ത്രണത്തിലുള്ള മരുന്നു വ്യവസായമാണ് ഏതെല്ലാം മരുന്നുകൾ വിപണിയിൽ കാണണമെന്നും അവയുടെ വില എന്തായിരിക്കണമെന്നും തീരുമാനിക്കുന്നത്. ബഹുരാഷ്ട്രകുത്തകകളെ സഹായിക്കുന്ന തരത്തിലുള്ള ഔഷധനയം

പ്രഖ്യാപിച്ച ഗവൺമെൻറാണിത്. അവശ്യമരുന്നുകൾ വില കുറച്ചു ജനങ്ങൾക്കു നൽകാനും ബഹുരാഷ്ട്രമരുന്നുകൾക്കു തൂക്കുകയറിടാനും ഈ ഗവൺമെൻറിനുസാധിക്കുമോ? ജനകീയ ഔഷധനയം എന്നത് സ്ത്രീപ്രസ്ഥാനത്തിൻെറ തന്നെ മുദ്രാവാക്യമായി മാറേണ്ടിയിരിക്കുന്നു.

ജനകീയമായ ഒരാരോഗ്യനയം രൂപപ്പെടുത്തുന്നതിലും സ്ത്രീകൾ മുൻകയ്യെടുക്കേണ്ടിയിരിക്കുന്നു. ഡോക്ടർ—ആശുപത്രി—മരുന്ന് എന്ന സംവിധാനം സ്ത്രീകളെയും ബാധിക്കുന്ന ഒന്നാണ്. കാരണം സ്ത്രീകൾ അവരുടെ രോഗങ്ങളുമായി ഡോക്ടർമാരുടെ അടുത്തുപോകാറില്ല എന്നതുതന്നെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ സജീവമായപ്രവർത്തനവും ഓരോ വീടുമായും നേരിട്ടു ബന്ധപ്പെടുന്ന ആരോഗ്യ പ്രവർത്തകരുടെ സംഘത്തിൻെറ സൃഷ്ടിയും ഇത്തരത്തിലുള്ള പ്രശ്നങ്ങളെ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. ഇതിനെക്കുറിച്ചും മൂർത്തമായ നിർദേശങ്ങളില്ല.

സ്ത്രീകളുടെ ആരോഗ്യം സമൂഹത്തിലും കുടുംബത്തിലും സ്ത്രീകൾക്കനുഭവിക്കേണ്ടിവരുന്ന പീഡനവുമായും ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹ്യ വിലക്കുകൾ സ്ത്രീകളുടെ അനാരോഗ്യത്തിൻെറ സൃഷ്ടിയിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. കുടുംബത്തിലെ ബോധപൂർവമായ പീഡനത്തിൻെറ ഫലമായി ആരോഗ്യംനശിക്കുന്നവരുടെ എണ്ണവും കുറവല്ല. ഇവ പരിഹരിക്കേണ്ടത് ആരോഗ്യപരിപാലനത്തിന് എററവും ആവശ്യമായ ഘടകമാണ്. സ്ത്രികളുടെ ആരോഗ്യത്തെ ജനകീയാരോഗ്യനയവുമായി ബന്ധപ്പെടുത്തുന്നതിൽ രേഖ പൂർണമായും പരാജയപ്പെട്ടിരിക്കുന്നു.

## നിയമങ്ങൾ

സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങൾ പുരുഷമേധാവിത്വ സമ്പ്രദായത്താൽ സ്വാധീനിക്കപ്പെട്ടതാണെന്ന് രേഖ പറയുന്നു. ഭർത്താവിൻെറ ആധിപത്യത്തെയും സ്ത്രീയുടെ സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയെയും നിലനിർത്തുന്നതിനുവേണ്ടിയുള്ളവയാണ്. വിവാഹസംബന്ധമായ അവകാശങ്ങൾ സ്ത്രീയുടെ വിദ്യാഭ്യാസവും തൊഴിലും നേടാനുള്ള അവകാശവുമായി പൊരുത്തപ്പെടാതെ വരുമ്പോൾ നിയമത്തിൻെറ നിലപാട് എപ്പോഴും അവ്യക്തമാണ്. നിയമങ്ങൾ സ്ത്രീകൾക്ക് സ്വത്തിൽ തുല്യാവകാശം അനുവദിക്കുന്നില്ല. സ്ത്രീകൾക്ക് ഭാഗം ചോദിക്കാനുള്ള അധികാരമില്ല. മുസ്ലിം-പാർസി സ്ത്രീകൾക്ക് ചില സ്വത്തവകാശങ്ങളുണ്ടെങ്കിലും, തങ്ങളുടെ സഹോദരൻമാരോടൊപ്പം തുല്യാവകാശമില്ല. നിയമമനുസരിച്ച് ഹിന്ദുക്കൾക്കുമാത്രമേ ദത്തെടുക്കാനവകാശമുള്ളു.

മററു സമുദായങ്ങരംക്ക് അതില്ല. ആൺകുട്ടികളുടെയും വിവാഹംകഴി ക്കാത്ത പെൺകുട്ടികളുടെയും രക്ഷകർത്താവ് ആദ്യം പിതാവും. അ തിനുശേഷം മാതാവുമാണ്. വ്യക്തിനിയമങ്ങളും സിവിൽനിയമ ങ്ങളും സ്ത്രീയുടെ വീട്ടുജോലിയെ അംഗീകരിക്കുന്നില്ല. നിരവധി കാര്യങ്ങളിൽ റെജിസ്ററർ വിവാഹസർട്ടിഫിക്കററ് ഉരംപ്പെടെ-പുരു ഷനനുകൂലമായ നിയമങ്ങരം കാണാം. ഇതെല്ലാം കൂടാതെ, സ്ത്രീ കരംക്കാനുകൂല്യങ്ങരം നൽകുന്ന നിരവധി നിയമങ്ങളെപ്പററി അവർക്ക റിഞ്ഞുകൂടെന്ന വസ്തുതയുമുണ്ട്.

സ്ത്രീനിയമങ്ങളെക്കുറിച്ച് പുതിയ പരിപ്രേക്ഷ്യത്തിൽ നിരവ ധി നിർദ്ദേശങ്ങളുണ്ട്.

1 സ്ത്രീകളുടെ അവകാശങ്ങളെ സംരക്ഷിക്കുന്ന നിയമങ്ങരം നടപ്പിലാക്കുന്നതിന് സ്പെഷ്യൽ സെല്ലുകരം രൂപീകരി ക്കുക.

2 സ്ത്രീകളുടെ അവകാശങ്ങരം സംരക്ഷിക്കാൻ പ്രത്യേകകമ്മീ ഷനറെ നിയമിക്കുക.

3 സ്ത്രീകളെ നിയമകാര്യങ്ങളിൽ സംരക്ഷിക്കുന്ന കേന്ദ്രങ്ങളു ണ്ടാക്കുക. സൗജന്യനിയമസഹായം നൽകുക.

4 2000 A D യ്ക്കകം ഏകീകൃത സിവിൽകോഡ് നിലവിൽ വരണം.

5 സ്വത്തിൽ ഭാര്യക്കും ഭർത്താവിനും കൂട്ടായ അവകാശം വേണം.

6 മാതാപിതാക്കളുടെയോ ഭർത്താവിൻെറയോ സ്വത്തിൻമേൽ പെൺകുട്ടികരംക്കും വിധവകരംക്കും തുല്യ അവകാശം വേ ണം.

7 സ്വത്തിൻെറ മേൽ എല്ലാ മക്കരംക്കും ഒരുപോലെ അവകാശം.

8 സ്ത്രീധനം ആവശ്യപ്പെടുന്നത് വിവാഹമോചനത്തിനുള്ള കാരണമാക്കുക.

9 കുടുംബക്കോടതികരം സ്ഥാപിക്കുക.

10 വ്യഭിചാരം ഒരു കുററകൃത്യമല്ലാതാക്കുക. വിവാഹമോചന ത്തിനുള്ള കാരണമാക്കുക.

11 വിവാഹിതയാണോ അല്ലയോ എന്നതു പരിഗണിക്കാതെ മാതാ ക്കരംക്കുള്ള അവകാശങ്ങരം നൽകുക.

12 വേതന സംരക്ഷണനിയമങ്ങരം അസംഘടിതമേഖലയിലേക്കു വ്യാപിപ്പിക്കുക.

13 തൊഴിൽ ജന്യരോഗങ്ങരംക്കെതിരായ സംരക്ഷണ നടപടികരം നടപ്പിലാക്കുക.

ഇനിയും നിരവധിയുണ്ട്. പുതിയ നിർദ്ദേശങ്ങളുടെ ചില സ്വഭാവങ്ങൾ വളരെ പ്രകടമാണ്. പുരുഷൻമാർ ഇപ്പോൾ അനുഭവിക്കുന്ന അവകാശങ്ങൾ ഇല്ലാതാക്കി സ്ത്രീകൾക്കും തുല്യാവകാശങ്ങൾ നൽകുക, വിവാഹനിയമങ്ങളിൽ മാററം വരുത്തുക, സ്വത്തുള്ള സ്ത്രീകൾക്ക് സ്വത്തവകാശം നൽകുക. ഇക്കാര്യങ്ങളിൽ മാത്രമാണോ സ്ത്രീകൾക്ക് സംരക്ഷണം അവകാശമുള്ളത്? സ്വത്തില്ലാത്ത ഗ്രാമങ്ങളിലെ ദരിദ്രസ്ത്രീകൾക്ക് പാർപ്പിടവും ഭക്ഷണവും തൊഴിലും നൽകാൻ നിയമംവഴി വ്യവസ്ഥയുണ്ടോ? അസംഘടിതമേഖലയിലും സംഘടിതമേഖലയിലുമുള്ള സ്ത്രീകളുടെ സേവനഭദ്രത ഉറപ്പു വരുത്താനുള്ള നിയമങ്ങളെവിടെ?

ഇതു മാത്രമല്ല പ്രശ്നങ്ങൾ. ഏകീകൃത സിവിൽ കോഡ് 2000 ത്തിനകം വേണമെന്നു പറയുന്ന ഗവൺമെൻറാണ് അടുത്തകാലത്ത് മുസ്ലിം വനിതാബിൽ നടപ്പിലാക്കിയത്. മതമൗലികതാവാദികളോടുള്ള പരസ്യമായ കീഴടങ്ങലാണെന്ന് രാഷ്ട്രീയ സാമൂഹ്യ സംഘടനകൾ ആരോപിച്ചിട്ടും ആ നിയമം പിൻവലിക്കാൻ തയ്യാറായിട്ടില്ല. സേവന ഭദ്രത സ്ത്രീകൾക്ക് നടപ്പിലാക്കണമെന്നു പറയുന്ന ഭരണകൂടമാണ് അവശ്യസർവീസ് സംരക്ഷണ നിയമം (ESMA) പോലെ പുരുഷൻമാരുടെ തൊഴിൽ ഭദ്രത കൂടി അപകടത്തിലാക്കുന്ന നിയമങ്ങൾ കൊണ്ടുവരുന്നത്. സ്ത്രീകളുടെ സേവനഭദ്രതയുറപ്പിക്കണമെങ്കിൽ ഇത്തരത്തിലുള്ള നിയമങ്ങൾ പിൻവലിക്കേണ്ടതാവശ്യമല്ലേ? കുടുംബക്കോടതികൾ പോലെയുള്ള മാററങ്ങൾ തീർച്ചയായും സ്വീകാര്യമാണ്. സൗജന്യ നിയമസഹായവും. പക്ഷേ അവ നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ ഇന്നു സർക്കാരിൻെറ കയ്യിലുണ്ടോ?

സ്ത്രീകളെ സംബന്ധിച്ച നിയമങ്ങൾ നടപ്പിലാക്കുന്നതിന് പ്രത്യേക കമ്മീഷണറെ നിയമിക്കണമെന്ന നിർദേശം രസാവഹം. ഇന്നു നിലവിലുള്ള വിപുലമായ നിയമ സംരക്ഷണ സംവിധാനങ്ങൾ വിചാരിച്ചിട്ട് നടപ്പിലാക്കാൻ കഴിയാത്ത കാര്യം ഒരു കമ്മീഷണർ വിചാരിച്ചാൽ നടപ്പിലാകുമെന്നാണോ നാം ധരിക്കേണ്ടത്? സ്ത്രീകളുടെ താൽപര്യം സംരക്ഷിക്കുന്നതിന് ഏററവും ഫലവത്തായ മാർഗം ഉദ്യോഗസ്ഥരുടെ എണ്ണം കൂട്ടുകയാണെന്ന ധാരണയാണെന്നു തോന്നുന്നു ഇതിൻെറ പിറകിൽ. നിലവിലുള്ള നിയമങ്ങളെപ്പററി സ്ത്രീകളെ ബോധവൽക്കരിക്കേണ്ടതെങ്ങനെയെന്നതിനെക്കുറിച്ച് വ്യക്തമായ നിർദേശങ്ങളൊന്നുമില്ല. അത്തരത്തിലുള്ള ഏതെങ്കിലും നിയമങ്ങളുണ്ടെങ്കിൽതന്നെ അതിലെ പഴുതുകളുപയോഗിച്ച് കുററവാളികൾ രക്ഷപെടുന്നതിനെ തടയുന്നതെങ്ങിനെയെന്നും പറയുന്നു. രാജ്യമൊട്ടാകെ സ്ത്രീധന മരണങ്ങൾ നടന്നിട്ട് അപൂർവം ചിലർ മാത്രമാണ് ശിക്ഷിക്കപ്പെട്ടിട്ടുള്ളതെന്ന് വസ്തുതയല്ലേ? ബലാൽസംഗമുൾപെടെയുള്ള

സ്ത്രീ പീഡനങ്ങളിൽ പ്രതികളായി എത്രപേർ ശിക്ഷിക്കപ്പെടുന്നുണ്ട്?

1986-ൽ സ്ത്രീകളെ അശ്ളീലമായി ചിത്രീകരിക്കുന്നതിനെതിരായി ഒരു നിയമം കൊണ്ടുവന്നിട്ടുണ്ട്. അശ്ളീലത എന്നാലെന്താണെന്ന് കൃത്യമായി നിർവചിക്കാൻ ഈ നിയമത്തിന് കഴിഞ്ഞിട്ടില്ല. ഇതിൻെറ അർത്ഥം അശ്ളീലതയ്ക്കെതിരെ സ്ത്രീകൾ എത്രമാത്രം പ്രതിഷേധമുയർത്തിയാലും നിയമത്തിൻെറ കണ്ണിൽ അങ്ങിനെയല്ലാതായിത്തീരാൻ സാധ്യതയുണ്ട്. ഈ വസ്തുത രേഖ അംഗീകരിക്കുന്നുമുണ്ട്. എന്നിട്ടും രേഖ പറയുന്നത് ഈ നിയമം എങ്ങനെ നടപ്പിലാക്കപ്പെടുന്നുവെന്നു പരിശോധിച്ചതിനു ശേഷം മാത്രമേ അതിൽ വരുത്തേണ്ട മാററങ്ങളെക്കുറിച്ചു ചിന്തിക്കാൻ പാടുള്ളു എന്ന്. നിയമം വന്നിട്ട് മൂന്നു കൊല്ലം കഴിയുന്നു. അശ്ളീല പ്രദർശനത്തിനു ഒരു കുറവും വന്നിട്ടില്ല. നിയമം എങ്ങനെയാണ് നടപ്പിലാക്കപ്പെടുന്നത് എന്നതിന് അതുതന്നെ നല്ല തെളിവല്ലേ?

സാധാരണ ജനങ്ങൾക്ക് നീതി നിഷേധിക്കുന്ന നിയമത്തിൻെറ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് സ്ത്രീകൾക്കുള്ള നീതിയെക്കുറിച്ചു മാത്രം സംസാരിക്കാൻ കഴിയില്ല. നമ്മുടെ നിയമാവലിയിൽ പുരുഷ കേന്ദ്രീകൃതമായ സമീപനങ്ങളുണ്ടെന്നത് ശരിതന്നെ. അത്തരം സമീപനം തന്നെ സ്വന്തം അധികാരം നിലനിർത്താൻ ശ്രമിക്കുന്ന ഭരണകൂടത്തിൻെറ സൃഷ്ടിയാണ്. സ്ത്രീകൾക്ക് നീതി ലഭിക്കുന്ന നിയമങ്ങളുടെ സൃഷ്ടി ഇന്ത്യയിലെ ദരിദ്ര്യ ഭൂരിപക്ഷത്തിന് നീതിലഭിക്കുന്ന നിയമങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

## രാഷ്ട്രീയ പങ്കാളിത്തം

സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തം പൊതുവെ കുറവാണെന്ന് രേഖ വിലപിക്കുന്നുണ്ട്. കഴിഞ്ഞ ലോകസഭാതെരഞ്ഞെടുപ്പിൽ മാത്രമാണ് ഏതാണ്ട് പത്തുശതമാനം സ്ത്രീകൾ ജയിച്ചു പാർലമെൻറിലെത്തിയത് ഏററവുമധികം സ്ത്രീ സാക്ഷരതയുള്ള കേരളത്തിൽ പോലും നിയമസഭയിൽ വളരെ കുറച്ചു സ്ത്രീകൾ മാത്രമേയുള്ളു. സ്ത്രീ നിരക്ഷരത വളരെ കൂടിയ ഉത്തർപ്രദേശിൽ നിയമസഭാംഗത്വം വളരെ കൂടുതലാണ്. രാഷ്ട്രീയബോധവും സ്ത്രീ സാക്ഷരതയും തമ്മിൽ വലിയ ബന്ധമില്ലെന്നു സ്ഥാപിക്കാൻ ഇവിടെ ശ്രമം നടക്കുന്നുണ്ട്.

സ്ത്രീകളുടെ രാഷ്ട്രീയപങ്കാളിത്തം ഉറപ്പുവരുത്താനാണ് വളരെയധികം കൊട്ടിഘോഷിക്കപ്പെട്ട ചില നിർദേശങ്ങൾ പദ്ധതി പരിപ്രേക്ഷ്യം മുന്നോട്ടുവയ്ക്കുന്നത്: നിയമസഭകൾ, പഞ്ചായത്ത് സമിതികൾ തുടങ്ങിയ ഭരണസമിതികളിലെല്ലാം 30 ശതമാനം പ്രാതിനി

ധ്യം സ്ത്രീകൾക്കായിരിക്കണം. എല്ലാ സംഘടനകളുടെയും പ്രവർത്തകരിൽ 50 ശതമാനം സ്ത്രീകളായിരിക്കണം. ഇതിനോടൊപ്പം വനിതാസംഘടനകൾ ശക്തിയായി പ്രതിഷേധിച്ചിട്ടുള്ള മറ്റൊരു നിർദേശം കൂടിയുണ്ട്. മുപ്പതു ശതമാനം സ്ത്രീകളെ നിയമനിർമാണ സമിതികളിലേക്ക് കോ ഓപ്റ്റ് ചെയ്യാവുന്നതാണ് എന്നതാണത്.

ഇന്നു നിയമസഭകളിലുള്ള സ്ത്രീപ്രാതിനിധ്യത്തിന്റെ സ്വഭാവംകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഉത്തർപ്രദേശിലും മറ്റുമുണ്ട് എന്നു പറയപ്പെടുന്ന ഉയർന്ന സ്ത്രീ പ്രാതിനിധ്യം യഥാർഥത്തിൽ ദുരിതമനുഭവിക്കുന്ന സ്ത്രീകളുടെ അവസ്ഥയെന്ത് എന്നുപോലും മനസിലാക്കാൻ കഴിയാത്ത ഉപരി-മദ്ധ്യവർഗ വനിതകളുടെ പ്രാതിനിധ്യമാണ്. കേരളത്തിലെ സ്ഥിതി അതല്ല. വനിതാപ്രാതിനിധ്യം നിയമസഭയിൽ കുറവാണെങ്കിലും ഇവിടെ ശക്തമായ വനിതാപ്രസ്ഥാനങ്ങളുണ്ട്. അത്തരം വനിതാപ്രസ്ഥാനങ്ങൾ നിരവധി സുപ്രധാനമായ സമരങ്ങളും നടത്തിയിട്ടുണ്ട്. രാഷ്ട്രീയബോധത്തിന്റെ കാര്യം പറയുന്നതിനോടൊപ്പം കേരളത്തിലും ഇന്ത്യയൊട്ടാകെയും വനിതകൾ നടത്തിയ സംഘടിത സമരങ്ങൾ അവഗണിക്കുകയാണ് ചെയ്യുന്നത്. സ്ത്രീധനത്തിനെതിരായി നടന്ന ഒരു റാലിയും ചിപ്കോയും മാത്രമാണ് സംഘടിത സ്ത്രീസമരങ്ങളായി രേഖ അംഗീകരിക്കുന്നത്!

സ്ത്രീകളുടെ ഇടയിൽ ഇന്ന് നിലവിലുള്ള സാമൂഹ്യവിലക്കുകൾ, ഗാർഹികവും പുറത്തുമുള്ള നിരന്തരമായ അധ്വാനം, സാമൂഹ്യസാമ്പത്തിക ബന്ധങ്ങളുടെ അടിസ്ഥാനത്തിലും പുരുഷമേധാവിത്വത്തിന്റെ അടിസ്ഥാനത്തിലും സ്ത്രീകൾ നിരന്തരമായനുഭവിക്കുന്ന പീഡനവും ചൂഷണവും മുതലായവയുമായി ബന്ധപ്പെടുത്താതെ സ്ത്രീകളുടെ രാഷ്ട്രീയവൽക്കരണത്തെ കാണാനാവില്ല. തീർച്ചയായും നിയമസഭകളിലേക്ക് കൂടുതൽ സ്ത്രീകൾ വരണം, കൂടുതൽ സ്ത്രീകൾ രാഷ്ട്രീയ പ്രവർത്തകരാകണം. അവർ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങളോടു ബന്ധപ്പെടുത്തി സംഘടിത വനിതാപ്രസ്ഥാനങ്ങൾ ഉയർന്നുവരാതെ അവരുടെ രാഷ്ട്രീയബോധം ഉണർത്താൻ കഴിയില്ല.

സ്വാഭാവികമായും, ഗവൺമെന്റ് ഉദ്ദേശിക്കുന്ന രാഷ്ട്രീയബോധം സംഘടിത ബഹുജനമുന്നേറ്റത്തിന്റേതാവില്ലല്ലോ അവരെ സംബന്ധിച്ചിടത്തോളം പ്രശ്നം സ്ത്രീകൾക്ക് വിവിധ സമിതികളിൽ പ്രാതിനിധ്യം കൊടുക്കുന്നതിൽ ഒതുങ്ങുന്നു. അതിൽത്തന്നെ മുപ്പതു ശതമാനത്തോട് പദ്ധതി പരിപ്രേക്ഷ്യത്തിന് പ്രത്യേക മമതയുള്ളതുപോലെ തോന്നുന്നു. ആറുപതുശതമാനം തെരഞ്ഞെടുക്കപ്പെട്ടുവരണമെന്ന് നിർബന്ധമൊന്നുമില്ലതാനും. രാഷ്ട്രീയബോധമുയർത്താൻ

വേണ്ടി ഇത്തരത്തിൽ കോർാപറററ് ചെയ്ത് നിയമസഭകളിൽ കയററു ന്ന സമ്പ്രദായത്തിനെതിരെ ശക്തമായ പ്രതിഷേധമുയരണം.

അതിനോടൊപ്പം ഭരണസമിതികളിൽ സ്ത്രീകൾ കൂടുതലായി വരണം. നിയമസഭയിൽ നല്ലൊരു ഭാഗം സ്ത്രീകൾ തെരഞ്ഞെടുക്കപ്പെ ട്ടുവരുന്ന രീതിയിലുള്ള രാഷ്ട്രീയ സാമൂഹ്യ സംവിധാനം നമുക്കു ണ്ടാകണം. ഗൃഹഭരണംനടത്തുന്ന സ്ത്രീകൾക്ക് രാഷ്ട്രീയം യോജി ച്ചതല്ല എന്ന ധാരണ സ്ത്രീകളിൽതന്നെ ഇന്ന് വ്യാപകമായുണ്ട്. സ്ത്രീകൾക്ക് രാഷ്ട്രീയബോധമുണ്ടായാൽ കുടുംബം തകരാറിലാ കുമെന്ന ധാരണയുമുണ്ട്. രാഷ്ട്രീയ സംഘടനകളെ പുച്ഛരിക്കുന്ന മനോഭാവം വളരെ വ്യാപകമായി സ്ത്രീകളിൽ കാണാം. ഈ സമീപന ത്തിന് അടിയന്തരമായി മാററംവരേണ്ട ആവശ്യമുണ്ട്. സ്ത്രീകൾക്ക് സ്വതന്ത്രമായി പൊതുപ്രവർത്തനം നടത്താനുള്ള സാമൂഹ്യാന്തരീക്ഷം വളർന്നുവരണം.

## മാധ്യമങ്ങൾ

ഇന്നത്തെ ദൃശ്യശ്രാവ്യമാധ്യമങ്ങളും പ്രസിദ്ധീകരണങ്ങളും സ്ത്രീകളെ അവഹേളിക്കുന്നവിധത്തിലുള്ള ധാരാളം കാര്യങ്ങൾ ഉൾ ക്കൊള്ളുന്നുവെന്ന് രേഖയിൽ പറയുന്നു. മുമ്പു സൂചിപ്പിച്ച 1986 ലെ നിയമം ഇതിനെതിരായ ശക്തമായ നടപടിയായി എടുത്തുകാട്ടു ന്നു. സ്ത്രീകളെ സംബന്ധിച്ച് ഒരു മാധ്യമനയം ആവശ്യമാണ്. ഗവൺമെൻറു ചുമതലയിലുള്ള ദൃശ്യശ്രാവ്യമാധ്യമങ്ങൾക്ക് ഒരു വിദ ഗ്ധഗ്രൂപ്പ് ആവശ്യമാണ്. സ്ത്രീകളെ ഏതുതരത്തിൽ കാണിക്കാ മെന്നതിനെക്കുറിച്ച് ഒരു നയരൂപരേഖ ഉണ്ടാക്കണം. സ്ത്രീകൾക്ക് അവരുടെ ഭരണഘടനാപരമായ തുല്യത നിഷേധിക്കുന്ന പുനരുത്ഥാ നശക്തികൾക്കെതിരെ ശക്തമായി പോരാടണം. സെൻസർബോർഡ് തുടങ്ങിയ സമിതികളിൽ പകുതി സ്ത്രീകളായിരിക്കണം. ഒരു മാധ്യമ ഉപദേശകസമിതി വേണം. സ്ത്രീകളെ അവഹേളിക്കുന്നതരത്തിലുള്ള പരസ്യങ്ങൾ നിരോധിക്കണം. പാഠപുസ്തകങ്ങളിലെ സ്ത്രീയുടെ അവതരണവും പരിശോധിക്കണം.

സ്ത്രീകളെ അവഹേളിക്കുന്ന മാധ്യമരൂപങ്ങൾ എന്തെല്ലാമാണെ ന്ന് എങ്ങനെ കണ്ടുപിടിക്കും? ''ഫീഡ്ബാക്ക് മോണിട്ടറിംഗ്'' ആണ് അതിനുള്ള നിർദേശമായി മുന്നോട്ടുവെയ്ക്കുന്നത്. അതായ ത് വിവിധ പരിപാടികളെക്കുറിച്ചുള്ള പ്രതികരണങ്ങൾ പരിശോധി ക്കുക. പക്ഷെ, ഇതെത്രമാത്രം പ്രയോജനകരമാണ്? സ്ത്രീകളെക്കു റിച്ചുള്ള ചില പ്രത്യേക കാഴ്ചപ്പാടുകൾ വളർത്തിയെടുക്കുന്ന ബഹു ജനസാംസ്കാരിക രൂപങ്ങൾ വളർന്നുവന്നിട്ടുണ്ട്. സ്ത്രീയെ ഒരു സെക്സ് സിംബലായോ പാതിവ്രത്യത്തിൻെറയും അടിമത്തത്തിൻെറ

യും പ്രതിരൂപമായോ കാണുന്ന ഒരു സംസ്കാരമാണിത്. തങ്ങളുടെ ഉപഭോഗവസ്തുക്കൾ ചെലവാക്കണമെന്നും തങ്ങൾ നിർമ്മിക്കുന്ന സിനിമകളും നാടകങ്ങളും മററു ദൃശ്യശ്രാവ്യരൂപങ്ങളും ധാരാളമായി ജനങ്ങൾ കാണണമെന്നും ആഗ്രഹിക്കുന്ന ഇന്നത്തെ വ്യവസായി സ്ത്രീയെ ലൈംഗിക ഉപഭോഗ വസ്തുവായി കാണിക്കുന്ന ദൃശ്യശ്രാവ്യരൂപങ്ങളാണ് ഉപയോഗിക്കുന്നത്. ഇവിടെ സ്ത്രീയുടെ നഗ്നചിത്രങ്ങൾ കാണിക്കുന്നോ ഇല്ലയോ എന്നതു മാത്രമല്ല പ്രശ്നം. ഒരു ഫാനിനെയും കാറിനെയും കാർടയറിനെയും സ്ത്രീയുമായി താരതമ്യപ്പെടുത്തുന്ന ദൃശ്യശ്രാവ്യ രൂപങ്ങളും സ്ത്രീയെ അവഹേളിക്കലാണ്. നമ്മുടെ വനിതാ മാസികകളും ഇത്തരത്തിലുള്ള ബഹുജനസംസ്കാരം വളർത്തിയെടുക്കുന്നതിലാണ് ശ്രദ്ധിക്കുന്നത്. സ്ത്രീകളെ ഉപഭോഗവസ്തുക്കളായി മാററുന്ന ശാരീരിക സംസ്കാരത്തിലാണ് അവരുടെ ശ്രദ്ധ മുഴുവനും. ഈ മാധ്യമ സംസ്കാരത്തെ ആശ്രയിച്ചാണ് ഗവൺമെൻറ് ഉടമയിൽ പോലുമുള്ള ദൃശ്യശ്രാവ്യ മാധ്യമങ്ങൾ നിലനില്ക്കുന്നതുതന്നെ. മാധ്യമസംസ്കാരത്തിൻെറ യഥാർത്ഥ രൂപങ്ങളെക്കുറിച്ചു പഠിക്കാനുള്ള നേരിയ ശ്രമംപോലും രേഖയിൽ കാണുന്നില്ല.

സ്ത്രീകളെ കൂടുതലായി സെൻസർ ബോർഡിലും മററും കൊണ്ടുവരുന്നതുകൊണ്ടുമാത്രം ഈ പ്രശ്നം അവസാനിക്കുന്നില്ല. ഇന്നത്തെ മാധ്യമസംസ്കാരത്തെപ്പററി സ്ത്രീകൾക്കുള്ളിൽതന്നെ ശക്തമായ പ്രചരണമാവശ്യമാണ്. സ്ത്രീകളെ അവഹേളിക്കുന്ന മാധ്യമങ്ങൾക്കും അതിനെ പ്രോത്സാഹിപ്പിക്കുന്ന വ്യവസായ വാണിജ്യ താൽപങ്ങൾക്കുമെതിരെ ശക്തമായ പ്രതികരണം ഉയർന്നുവരണം.

## സന്നദ്ധസംഘടനകൾ

സന്നദ്ധസംഘടനകളെക്കുറിച്ചുള്ള രേഖയുടെ അവസാനഭാഗം ഗവൺമെൻറിൻെറ മനസിലിരുപ്പ് വ്യക്തമാക്കുന്നതാണ്. സ്ത്രീവികസനത്തിന് ഒരു പൈസ കൂടുതൽ ചെലവാക്കാനോ, വികസനത്തിൽെറ ഭാരം മുഴുവൻ ഏറെറടുക്കാനോ ഗവൺമെൻറിന് സാധ്യമല്ലെന്ന് ആവർത്തിച്ചാവർത്തിച്ച് വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട്, സന്നദ്ധസംഘടനകളെ ഉപയോഗപ്പെടുത്തണമെന്നാണ് നിർദ്ദേശം. പരിസ്ഥിതിസംരക്ഷണം അനുയോജ്യസാങ്കേതിക വിദ്യയുടെ വികസനം, മുതലായ പരിപാടികളും സ്ത്രീകളെ ബന്ധപ്പെടുത്താനുള്ള മാർഗമായി സന്നദ്ധസംഘടനകളെ കാണണം. സംഘടിതശക്തിയാണ് സ്ത്രീകളുടെ വളർച്ചയ്ക്ക് ഇന്നാവശ്യം. അതിനുവേണ്ടി വിവിധസന്നദ്ധഷംഘടനകൾക്ക് ഗ്രാൻറ് നൽകണമെന്ന നിർദ്ദേശവും രേഖയിലുണ്ട്.

ഇന്നത്തെ സാഹചര്യങ്ങളിൽ സന്നദ്ധസംഘടനകൾ പ്രധാനപ്പെട്ട പല പ്രവർത്തനങ്ങളും നടത്തുന്നുവെന്നത് നിസ്തർക്കമാണ്. എങ്കി

ലും അവക്ക് നിരവധി പരിമിതികളുണ്ട് നമ്മുടെ സന്നദ്ധസംഘടനകളിൽ ഭൂരിഭാഗവും ഏതെങ്കിലും പ്രത്യേക പ്രശ്നത്തെ ആധാരമാക്കി രൂപീകരിക്കപ്പെട്ടവയാണ്. സ്ത്രീവികസനംപോലുള്ള സങ്കീർണ്ണപ്രശ്നങ്ങളെ പൂർണ്ണരൂപത്തിൽ ഉൾക്കൊണ്ട് പ്രവർത്തിക്കാനുള്ള ശക്തി അവയ്ക്കില്ല. സ്ത്രീകളുടെ സംഘടനകളിൽ വലിയശതമാനം ചെറുഗ്രൂപ്പുകളാണ്. പ്രസക്തമായ പല പഠനപ്രവർത്തനങ്ങളും അവ നടത്തുന്നുണ്ടെന്നത് ശരിതന്നെ. സ്ത്രീപ്രശ്നത്തെ സാമൂഹ്യസാമ്പത്തിക ബന്ധങ്ങളുമായി കൂട്ടിയിണക്കാതെ ലൈംഗികവിവേചനത്തെ മാത്രം ആധാരമാക്കി വിലയിരുത്തുന്ന സ്വഭാവം അവയിൽ പലതിനുമുണ്ട്. അതുകൊണ്ടുതന്നെ അവക്കു ചെയ്യാൻ കഴിയുന്ന കാര്യങ്ങൾക്കും പരിമിതിയുണ്ട്.

ബഹുജന സംഘടനകളെ സംബന്ധിച്ചിടത്തോളം അപകടകാരിയായ മറ്റൊരു സമീപനം രേഖയിലുണ്ട്. വിവിധ രാഷ്ട്രീയ–സാമൂഹ്യാദർശങ്ങളുൾക്കൊള്ളുന്ന ബഹുജന സംഘടനകൾക്ക് ബദലായി സന്നദ്ധ സംഘടനകളെ കണക്കാക്കാനുള്ള ശ്രമമാണിത്. സ്ത്രീകളുടെ പ്രശ്നങ്ങളെ പരിഹരിക്കാനുള്ള "സന്നദ്ധ പ്രവർത്തനമാണ്." രേഖയിൽ പറയുന്നത്. സ്ത്രീകളുടെ പ്രശ്നങ്ങളെ മുൻനിർത്തി നടത്തുന്ന ബഹുജനസമരങ്ങളെ മുൻനിർത്തി വളർന്നുവരുന്ന പ്രസ്ഥാനങ്ങൾക്ക് ഇതിൽ സ്ഥാനമില്ല. അത്തരത്തിലുള്ള പ്രസ്ഥാനങ്ങൾ നടത്തുന്ന സമരങ്ങൾ ഭരണകൂടത്തിനെതിരെ തിരിയേണ്ടിവരുമല്ലോ. ബഹുജനസമരങ്ങളെ അടിച്ചമർത്തുന്നതിൽ ഒരു ദാക്ഷിണ്യവും കാണിക്കാത്ത ഭരണകൂടം സമരസംഘടനകൾക്ക് ബദൽ ശക്തിയാണ് സന്നദ്ധസംഘടനകളെ കാണുന്നത്. സന്നദ്ധസംഘടനകളുടെ അരാഷ്ട്രീയസ്വഭാവവും രാഷ്ട്രീയാദർശങ്ങളുൾക്കൊള്ളുന്ന സംഘടനകളെ മുഴുവൻ അവഹേളിക്കാനും പുച്ഛരിക്കാനും അവർ കാണിക്കുന്ന വ്യഗ്രതയും ആയിരിക്കാം ഇന്ന് സംഘടിതപ്രസ്ഥാനങ്ങൾക്കുള്ള ബദലായി അവരെ ഉപയോഗിക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിക്കുന്നത്. ചില സന്നദ്ധ സംഘടനകൾ പ്രചരിപ്പിക്കുന്നഫെമിനിസ്റ്റ് ആശയങ്ങൾ അതേപടി രേഖയിലുടനീളം കടന്നുകൂടിയിരിക്കുന്നതും ശ്രദ്ധേയമാണ്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം വർഗ സമീപനത്തിന് എതിരായി ഉപയോഗിക്കാവുന്ന ശക്തമായ ആശയ സംഹിതയാണല്ലോ ഫെമിനിസം കൈകാര്യം ചെയ്യുന്നത്.

രാഷ്ട്രീയച്ഛായയുള്ള വനിതാ സംഘടനകളും ഏതാനും ചില സന്നദ്ധസംഘടനകളും മാത്രമാണ ദേശീയ പദ്ധതിപരിപ്രേക്ഷ്യത്തെ ശക്തമായി വിമർശിച്ചിട്ടുള്ളത്. സ്ത്രീ വിമോചനം ശക്തമായി പ്രസംഗിക്കുന്ന പലരും മൗനം പാലിക്കുകയാണ് സന്നദ്ധസംഘടനകളെ കയ്യിലെടുക്കാനുള്ള ഗവൺമെന്റിന്റെ ശ്രമം വിജയിക്കുന്നുവെന്നാണോ ഇതിൽ നിന്നു കരുതേണ്ടത്?

 16353

വനിതാ പരിപ്രേക്ഷ്യത്തിൽ ഉപയോഗപ്രദമായ പലവശങ്ങളമുണ്ടെന്ന കാര്യത്തിൽ സംശയമില്ല. എങ്കിലും, കാര്യമായ വശങ്ങളെല്ലാംതന്നെ ഇന്ത്യ ഇന്നഭിമുഖീകരിക്കുന്ന സാമൂഹ്യ സാമ്പത്തിക പ്രതിസന്ധിയുമായി ബന്ധപ്പെട്ടവയാണ്. അവയോട് "ടെക്നോളജി" പരവും ഉദ്ദ്യോഗസ്ഥ മേധാവിത്വപരവുമായ സമീപനമല്ല ആവശ്യം. ഗവൺമെൻറ് ചേയ്യേണ്ട പണി സന്നദ്ധ സംഘടനകളെക്കൊണ്ട് ചെയ്യിക്കലുമില്ല. സ്ത്രീ പ്രശ്നത്തെക്കുറിച്ച് തുറന്ന ചർച്ചകൾ നടത്താനും അവരുടെ അവകാശങ്ങൾക്കുവേണ്ടി സംഘടിത സമരങ്ങൾ ഉയർത്തിക്കൊണ്ടു വരാനും ശ്രമിക്കേണ്ടത് ഇന്നത്തെ ആവശ്യമാണ്. ഈ സംഘടിത പ്രസ്ഥാനങ്ങളെ വഴിതെററിക്കുകയും ഇപ്പോൾ തന്നെ വഴിമുട്ടിനിൽക്കുന്ന ഗവൺമെൻറിൻെറ വികസന നയങ്ങളെ സത്രീകളുടെ കാര്യത്തിലും വ്യാപിപ്പിക്കുകയും ചെയ്യാനുള്ള ശ്രമമായി വേണം ദേശീയ പദ്ധതിപരിപ്രേക്ഷ്യത്തെ കണക്കാക്കാൻ. ഇക്കാര്യത്തിൻ വനിതാ നയം ദേശീയ വ്യവസായ നയത്തിൻെറയും വിദ്യാഭ്യാസനയത്തിൻെറയും തുടർച്ചയാണ്.

Library & Research Centre

Indic Digital Archive Foundation

പാർവതി ദേവി ...

(കരട് – ചർച്ചക്കുവേണ്ടി മാത്രം)

# ദേശീയ വനിതാ വികസന പരിപ്രേക്ഷ്യം

16353

## ചർച്ചക്കുള്ള കുറിപ്പുകൾ

305.420
954

(1989 മാർച്ച് 6 ന് തിരുവനന്തപുരം Y W C A ഹാളിൽ ചേർന്ന സെമിനാറിൽ ചർച്ചക്കായി അവതരിപ്പിച്ച കുറിപ്പുകൾ)

gpura.org